# THE CHURCH WEEKLY

**December 2011**

*An Ecumenical Publication from*

THE ALWAYE FELLOWSHIP HOUSE

# The Church Weekly

Vol. 63
No. 45,46,47,48
2011 December

AN ECUMENICAL PUBLICATION FROM THE ALWAYE FELLOWSHIP HOUSE

62nd YEAR OF PUBLICATION
FOUNDER CHIEF EDITOR : **Sri. N.M. ABRAHAM**



**EDITORIAL BOARD**

- **Prof. K.K. ABRAHAM**
  (Chief Editor)
  Ph : 0484-2609123
- **Mr. K.M. VARGHESE**
  (Circulation Manager)
  Ph : 0484-2608196
  Mob : 9895106104
- **Mr. P.I. JOHN**
- **Prof. ABRAHAM MATHEW**
- **Mr. KURUVILLA M. GEORGE IRS**
- **Prof. M.T. SARAMMA**
- **Dr. M.I. PUNNOOSE**
- **Mr. SANTHOSH OOMMEN**
- **Mr. K.O. ELIAS**

**ADVISOR**

**Dr. A.M. CHACKO**

*OPINIONS EXPRESSED IN THE ARTICLES PUBLISHED IN THE WEEKLY DO NOT NECESSARILY REFELECT THE VIEWS OF THE ALWAYE FELLOWSHIP HOUSE.*


*Read*

*Subscribe*

*and suggest to others*

**SUBSCRIPTION RATES**

**Inside India**

| | | |
|---|---|---|
| Single Issue | Rs. | 6.00 |
| Annual | Rs. | 60.00 |
| Life (10 years) | Rs. | 500.00 |

**Outside India**

| | | |
|---|---|---|
| Annual | Rs. | 500.00 |
| Life (10 years) | Rs. | 4500.00 |

- Please send the articles to the Chief Editor.
- All correspondence regarding subscription may be sent to the Circulation Manager.


## THE CHURCH WEEKLY

**C/o Alwaye Fellowship House,**
**Union Christian College P.O.**
**Alwaye - 683 102,**
**Kerala, South India.**
Ph : 0484-2605630

*E-mail : fellowshiphse@gmail.com*

**Visit our website**
*www.hrdalwayefellowshiphouse.info*

## മഹദ്‌വചനങ്ങൾ



**യേശുക്രിസ്തു മനുഷ്യനായി ജനിച്ചു എന്നറിയിക്കാനുള്ള ഒരേയൊരു മാർഗ്ഗം ക്രിസ്തുവിനെപ്പോലെ ജീവിക്കുക എന്നതാണ്. വാദപ്രതിവാദത്തിലല്ല, പ്രവർത്തനത്തിലാണ് ക്രിസ്തുവിന്റെ ജനനം അർത്ഥവത്താകുന്നത്.**

**(ഗബ്രിയേൽ മാർസൽ)**

## ഈ ലക്കത്തിൽ


ദർശനം 18
**ക്രൈസ്തവികമായ ഭരണക്രമം – 4**
റവ. പ്രൊഫ. തോമസ് ജോൺ

ലേഖനം 21
**സമവായത്തിനു കൂട്ടുനിൽക്കാത്ത ക്രിസ്തു**
ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

യുവപംക്തി 25
**മാറി വീശുന്ന കാറ്റ്...**
ഷാനസ് ടി.എസ്.

Commentary 27
**Simeon, the Seer**
Rev. Dr. M.J. Joseph

Perspective 29
**What is the real essence of ....**
Dr. Zac Philip

Last Page 31
**Temples building a Temple**
M.G. Kuruvilla

വാർത്തകൾ 4

മുഖമൊഴി 5
**രാഷ്ട്രീയവൽക്കരിക്കപ്പെട്ട കേരളം**

ലഘുചിന്തകൾ 6
**മനുഷ്യനായി ജന്മംകൊണ്ട ദൈവപുത്രൻ**
ഡേവിഡ് മാത്യു

ബൈബിൾ ചിന്തകൾ 8
**മരുഭൂമിയിലെ നീർപ്പൊയ്ക**
പ്രൊ.എം.വൈ. യോഹന്നാൻ

ലേഖനം 10
**ക്രിസ്മസ് നൽകുന്ന ജീവിതദർശനം**
കുഞ്ഞുമോൻ വാരിക്കാട്

ലേഖനം 12
**1811ലെ മലയാളം ബൈബിൾ....**
ഫാ. ഡോ. ജോസഫ് ചീരൻ

ദർശനം 14
**ഉണ്ണിയെ ധ്യാനിക്കുമ്പോൾ**
ഫാ. ബോബി ജോസ് കപ്പൂച്ചിൻ


എല്ലാ വായനക്കാർക്കും
ക്രിസ്മസ് നവവത്സരാശംസകൾ!!!

# വാർത്തകൾ

## ഇന്റർ റിലീജിയസ് പ്രോഗ്രാം എക്സിക്യൂട്ടീവ്

ഡോ. ക്ലാരാ ആമോസ് (ചർച്ച് ഓഫ് ഇംഗ്ലണ്ട്) ഡബ്ലിയു. സി.സി.യുടെ മതസംവാദവിഭാഗത്തിന്റെ ചുമതലയേറ്റെടുത്തു. ബൈബിൾ പഠനങ്ങൾ, ആത്മീയത എന്നീ വിഷയങ്ങളെ ആസ്പദമാക്കി അവർ ധാരാളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

## പരിവർത്തിത ക്രിസ്ത്യാനികളെ ഷെഡ്യൂൾഡ് ക്ലാസ്സിൽ ഉൾപ്പെടുത്തുക

ക്രിസ്തുമതം സ്വീകരിച്ച ദളിതവിഭാഗത്തിൽപ്പെട്ടവരെ എസ്.സി, എസ്.റ്റി. വിഭാഗത്തിൽ പെടുത്തണമെന്നുള്ള നിവേദനം എൻ.സി.സി.ഐ., സി.ബി.സി.ഐ. എന്നിവർ ചേർന്ന് യു.പി.എ. അദ്ധ്യക്ഷ സോണിയാഗാന്ധിക്കു സമർപ്പിച്ചു. ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കാമെന്നു സോണിയാഗാന്ധി ഉറപ്പുകൊടുത്തു.

## യു.എൻ. ചൈനയെ വിമർശിക്കുന്നു

യു.എൻ. നിയമിച്ച മനുഷ്യാവകാശ കമ്മീഷൻ, ബുദ്ധമതസന്യാസികളെ പീഡിപ്പിക്കുന്നതിന്റെ പേരിൽ ചൈനയെ അപലപിച്ചു. ടിബറ്റിന്റെ മതസ്വാതന്ത്ര്യത്തെപ്പറ്റിയുള്ള പ്രക്ഷോഭത്തിന്റെ പേരിലാണ് ചൈന, ടിബറ്റൻ ബുദ്ധസന്യാസികളെ മനുഷ്യത്വരഹിതമായ പീഡനത്തിനു വിധേയമാക്കിയത്. “അവരവരുടെ വിശ്വാസത്തെ കൊണ്ടുനടക്കാനുള്ള അവകാശത്തെ ആർക്കും തടയാനാവില്ല”, യു.എൻ. സമിതി പ്രസ്താവിച്ചു.

## “അയാച്ചേ” യ്ക്ക് പുതിയ ജനറൽ സെക്രട്ടറി

ഡോ. ദാനിയേൽ എഴിലരസു “അയാചെ” യുടെ (All India Association for Christian Higher Education) ജനറൽ സെക്രട്ടറിയായി നിയമിതനായി. ഡോ. മാണി ജേക്കബിന്റെ ഒഴിവിലാണ് ഈ നിയമനം.

## ഫെലോഷിപ്പ് വാർത്തകൾ

ഫെലോഷിപ്പ് ഹൗസ് എക്യുമെനിക്കൽ ഗായകസംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ക്രിസ്മസ് കരോൾ ഡിസംബർ 22 വ്യാഴാഴ്ച വൈകുന്നേരം 7 മണിമുതൽ 8മണിവരെ ഫെലോഷിപ്പ് ഹൗസ് എം.തൊമ്മൻ ഹാളിൽ വച്ചുനടത്തുന്നതാണ്.

## നിര്യാതയായി



**റിട്ട. യു.എൻ. അഡ്വൈസർ പ്രൊഫ. പി. സി. ജോർജ്ജിന്റെ ഭാര്യ മോളി** (82) ചാക്കോ ഹോംസിൽ വച്ച് നവംബർ 10ന് നിര്യാതയായി. ശവസംസ്കാരം സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

*മുഖമൊഴി....*

# രാഷ്ട്രീയവൽക്കരിക്കപ്പെട്ട കേരളം

കേരളത്തിന്റെ ശാപങ്ങളിലൊന്നാണ് അമിതമായ രാഷ്ട്രീയവൽക്കരണം. എല്ലാം രാഷ്ട്രീയത്തിന്റെ കണ്ണുകളിൽക്കൂടി മാത്രം കാണുന്ന ഒരു പ്രവണത ഇവിടെ കാണാം. സ്വന്തം കക്ഷിക്കാർ എന്തു തിന്മ ചെയ്താലും ന്യായീകരിക്കുവാനും എതിർപക്ഷക്കാർ എന്തു നന്മ ചെയ്താലും അംഗീകരിക്കാതിരിക്കാനും രാഷ്ട്രീയപാർട്ടികൾ ശ്രദ്ധിക്കാറുണ്ട്.

രാഷ്ട്രീയം ജനനന്മയ്ക്കാണ്. 'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ' ഭരിക്കപ്പെടുന്ന സംവിധാനത്തെയാണല്ലോ ജനാധിപത്യം എന്നു പറയുന്നത്. സ്വാഭാവികമായുണ്ടാകുന്ന പുരോഗതിയെ ത്വരിതപ്പെടുത്താനാണ് ഭരണസംവിധാനങ്ങൾ ഉണ്ടാകുന്നത്. എന്നാൽ ഇപ്പോൾ കേരളത്തിന്റെ സ്ഥിതിയോ? പുരോഗതിയെ പുറകോട്ടു വലിക്കുകയാണു രാഷ്ട്രീയകക്ഷികൾ ചെയ്തുകൊണ്ടിരിക്കുന്നത്. നിസ്സാരകാര്യങ്ങളിൽ വിവാദം സൃഷ്ടിക്കുകയും കാതലായ പ്രശ്നങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ സുരക്ഷയെ ബാധിക്കുന്ന മുല്ലപ്പെരിയാർ പ്രശ്നം പോലും രാഷ്ട്രീയവൽക്കരിക്കുന്ന ദൃശ്യം നോക്കുക. ഭരണം എന്നാൽ നിയമനങ്ങൾ, സ്ഥലംമാറ്റങ്ങൾ, സ്വന്തം ആളുകളെ തിരുകിക്കയറ്റൽ എന്നിവയായിരിക്കുന്നു.

ആശയപരമായ വിഭിന്നതയുടെ പേരിലാണ് രണ്ടുപക്ഷങ്ങൾ ഉണ്ടാവുന്നത്. തൊഴിലാളി താല്പര്യങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന ഒന്നാണ് ഇടതുപക്ഷം. വലതുപക്ഷമാകട്ടെ മുതലാളിത്തത്തോടു ആഭിമുഖ്യം പുലർത്തുന്നു. എന്നാൽ ഇവിടെ ഇടതുകക്ഷികൾക്കോ ഐക്യജനാധിപത്യകക്ഷികൾക്കോ ആശയപരമായ ഒരു വ്യത്യാസവുമില്ല. പാർട്ടികളെ താങ്ങിനിർത്തുന്ന ആശയസംഹിതകളുണ്ടോ എന്നു സംശയം. ഉണ്ട് എന്നു ആണയിട്ടാൽതന്നെ അതിനെ കൊണ്ടുനടക്കാൻ ആരും പ്രതിജ്ഞാബദ്ധരല്ലതാനും. എങ്ങിനെയെങ്കിലും അധികാരത്തിലേറുക, അതിന്റെ സുഖശീതളച്ഛായയിൽ രമിക്കുക എന്നതാണ് പാർട്ടികളുടെ ആശയസംഹിത. അതുകൊണ്ടാണ് ആരുമായും കൂട്ടുകൂടാമെന്നുള്ള അവസ്ഥ വന്നുചേർന്നത്. ഒരു ജാള്യവുമില്ലാതെ വർഗ്ഗീയ ശക്തികളുമായി കൂട്ടുകൂടുന്നു. എങ്ങിനെയെങ്കിലും വോട്ടുനേടി അധികാരത്തിലേറുക എന്ന ചിന്തയുടെ പരിണതഫലമാണിത്.

കേരളം പുരോഗമിക്കണമെങ്കിൽ ഇച്ഛാശക്തിയുള്ള ഭരണാധികാരികൾ ഉണ്ടാകണം. വികസനത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം. എന്തിനും എതിർക്കുന്ന പ്രതിപക്ഷം ഇല്ലാതാകണം. അവിടെയാണ് ജനാധിപത്യം വിജയിക്കുന്നത്.

* * * * * * * * * * * * *

**ക്രിസ്മസിന്റെ സന്ദേശം**

ക്രിസ്തുവിന്റെ ജനനം പല ആശയസംഹിതകളെ പ്രതിനിധാനം ചെയ്യുന്നു. സർവലോകത്തിനുമുള്ള ശാന്തി, നിസ്വരോടുള്ള താദാത്മ്യം, ദൈവത്തിന്റെ നിതാന്തസാന്നിദ്ധ്യം എന്നിങ്ങനെ. ക്രിസ്മസ് വെറും ആഘോഷമായി മാറാതെ ആശയങ്ങളെ സത്യസന്ധമായി പിൻപറ്റാനുള്ള അവസരമായി കാണണം. ഈ വർഷത്തെ ക്രിസ്മസ് ആചരണം അതിനു മുഖാന്തിരമാകട്ടെ.

●

| ലഘുചിന്തകൾ |
| --- |
| ഡേവിഡ് മാത്യു |

# മനുഷ്യനായി ജന്മംകൊണ്ട ദൈവപുത്രൻ

ദൈവം മനുഷ്യനായി അവതരിക്കുന്ന സംഭവങ്ങൾ ലോകത്തിലെ പല മതവിശ്വാസങ്ങളിലും ഉൾക്കൊണ്ടിട്ടുള്ള സംഗതിയാണ്. ഹൈന്ദവമതത്തിൽ ഈശ്വരൻ മനുഷ്യനായി ജന്മംകൊണ്ടിട്ടുള്ള അവതാരങ്ങൾ പലതാണ്. ക്രിസ്തീയസമൂഹം ക്രിസ്മസിനെ ദൈവം മനുഷ്യനായി അവതരിച്ച ദിവസമായി കൊണ്ടാടുമ്പോൾ അതിൽ പ്രതിഫലിക്കുന്ന വ്യത്യസ്തമായ മൂന്നു സന്ദേശങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഒന്നാമതായി കർത്താവായ യേശു ഏത് സാഹചര്യത്തിൽ ജനിച്ചു, ജീവിച്ചു എന്നതാണ് . ജനനം മുതൽ മരണംവരെ അവൻ ഈ ലോകത്തിൽ ഒരു സാധാരണമനുഷ്യനായി തന്നെ ജീവിച്ചു. സത്രത്തിൽ ഇടം ലഭിക്കാതെ ഒരു പുൽത്തൊട്ടിയിൽ ജനനം കൊള്ളേണ്ടി വന്നു. അതിനുശേഷം മരപ്പണി തൊഴിലാക്കി അപ്പനെ സഹായിച്ചു. താമസിക്കുവാൻ സ്വന്തം വീടില്ലാതെ ജീവിതം മുൻപോട്ട് കൊണ്ടുപോയ സാഹചര്യത്തിൽ പറഞ്ഞതോ, "ചെന്നായ്ക്കൾക്ക് മാളമുണ്ട്, പറവകൾക്ക് കൂടുണ്ട്, മനുഷ്യപുത്രന് തലചായ്ക്കുവാൻ ഇടമില്ല" എന്നാണല്ലോ.

രണ്ടാമത്തെ കാര്യം ക്രിസ്തു എന്തിനു വേണ്ടി ഈ ലോകത്തിൽ ജനനംകൊണ്ടു എന്നതാണ്. ലോകത്തിൽ നിലവിലുള്ള



നന്മയെ പരിരക്ഷിക്കുക, തിന്മയിൽനിന്ന് മനുഷ്യനെ കരകയറ്റുക എന്നതായിരുന്നു ക്രിസ്തുവിന്റെ ദൗത്യം. രോഗികൾക്കാണ് വൈദ്യന്റെ സഹായം വേണ്ടിയിരിക്കുന്നത് എന്ന് കർത്താവ് പറഞ്ഞതും കാണാതെ പോയ ആടിന്റെയും മുടിയനായ പുത്രന്റെയും ഉപമകൾ ജനങ്ങൾക്ക് വിവരിച്ചുകൊടുത്തതും ആ ദൗത്യത്തെ മുൻനിർത്തിയാണല്ലോ. ക്രിസ്തു ഈ ലോകത്തിൽ ചിലവഴിച്ച സമയമെല്ലാം വഴിതെറ്റിപ്പോയവരെ നല്ല രീതിയിലേക്ക് നയിക്കുവാൻ ഉറ്റുശ്രമിച്ചതായി കാണാം.

പ്രസിദ്ധിക്കുവേണ്ടി പരക്കം പായുന്ന മനുഷ്യർക്ക് അവരിൽ വലിയവൻ ആർ എന്ന പദവിക്കായി മല്ലിടുമ്പോൾ ആ പദവി എങ്ങനെ ലഭിക്കും എന്നത് സ്വന്തംജീവിത

ത്തിലൂടെ യേശു ലോകത്തിന് കാട്ടിക്കൊടുത്തു എന്നതാണ് മൂന്നാമത്തെ കാര്യം. അഹംഭാവം വച്ച് പുലർത്തിയ ഹെരോദാവിനെപ്പോലെയുള്ള രാജാക്കന്മാർക്കു പോലും അവരുടെ നിഷ്ഠൂരമായ പ്രവർത്തികളിലൂടെ വലിയവരാകാൻ കഴിയുകയില്ലയെന്നും താഴ്മയും വിനയവുമുള്ള ദൈവദാസർക്കുമാത്രമെ 'വലിയവൻ' എന്ന പദവി കരസ്ഥമാക്കുവാൻ കഴിയുകയുള്ളൂ എന്നും യേശു ലോകത്തിന് വെളിപ്പെടുത്തി.

വിപ്ലവകരമായ ഈ ചരിത്രസംഭവങ്ങൾക്ക് തുടക്കമിട്ടത് 2000 വർഷങ്ങൾക്ക് മുമ്പ് സാധാരണക്കാരിയായ കന്യകമറിയം "നാഥാ, ഞാൻ നിന്റെ ദാസി, നിന്റെ ഇഷ്ടപ്രകാരം സംഭവിക്കട്ടെ" എന്ന് ഭവ്യതയോടെ പ്രതികരിച്ചപ്പോഴാണ്. തുടർന്ന് കുലീനത്വം എടുത്തു കാട്ടുന്ന ഒരു പുൽത്തൊട്ടിയിൽ ഉണ്ണിയേശു ഭൂജാതനാകുകയും ചെയ്തു.

ദൈവം സ്നേഹത്തിന്റെ പ്രതീകമാണ്. അവനെ സ്നേഹിച്ച് അവന്റെ അരുമസന്താനങ്ങളായി ജീവിക്കുവാൻ നാം കടപ്പെട്ടവരാണ് എന്ന് ക്രിസ്തുവിന്റെ ജനനവും ജീവിതവും വിളിച്ചറിയിക്കുന്നു. അഹംഭാവിയായ മനുഷ്യൻ ദൈവത്തോട് എത്രതന്നെ മറുതലിച്ചാലും അവന്റെ തിരിച്ചുവരവിനായി ദൈവം കാത്തിരിക്കും എന്നതായിരുന്നു ദൈവപുത്രന്റെ ആ മഹൽദൗത്യത്തിന്റെ ഉദ്ദേശം.

# *Great Sayings...*

The plus symbol is made with two minus symbols. So all negative things can be shaped into positives by our smart work and positive thinking

The more sand that has escaped from the hourglass of our life, the clearer we should see through it.

If you can't find the right words for certain situations just give a smile. Words may confuse, but a smile always convinces.

Always keep hoping for good. As the famous Japanese thought says; "Keep a green tree in your heart, the singing birds will automatically come."

A small dot can stop a big sentence. But few more dots can give continuity... Amazing, but true. Make every ending a new beginning.

Life is too ironic to fully understand. It takes sadness to know what happiness is, noise to appreciate silence and absence to value presence.

Compiled by K O Elias, Chacko Homes

ബൈബിൾ ചിന്തകൾ

പ്രൊ. എം.വൈ. യോഹന്നാൻ

# മരുഭൂമിയിലെ നീർപ്പൊയ്ക

"മരുഭൂമിയെ ഞാൻ നീർപ്പൊയ്കയും വരണ്ട നിലത്തെ നീരുറവകളും ആക്കും" (യെശയ്യാ 41:18)

മരുഭൂമി ഊഷരഭൂമിയാണ്. ജലത്തിന്റെ കണികപോലും അവിടെയില്ല. അവിടെ മഴയുമില്ല. എന്നും വരണ്ടുണങ്ങിയ മരുഭൂമി. നിർജ്ജനമായ മണലാരണ്യം.

വെള്ളത്തിന് ഒരിറ്റ് കിനിവിനുപോലും സാദ്ധ്യതയില്ലാത്ത മരുഭൂമിയെ നീർപ്പൊയ്ക ആക്കുമെന്ന് സർവ്വശക്തനായ ദൈവം അരുളിച്ചെയ്യുന്നു.

"ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ" (ലൂക്കോസ് 1:37).

"ദൈവത്തിന് സകലവും സാദ്ധ്യമല്ലോ" (മർക്കോ,10:27).

അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്നവനാണ് നിത്യനായ ദൈവം. ചെങ്കടൽ പിളർന്ന് തന്റെ ജനത്തിന് ചെങ്കൽപ്പാത ഒരുക്കിയവനാണ് ജീവനുള്ള ദൈവം. യോർദ്ദാനിലെ പെരുവെള്ളത്തെ വകഞ്ഞുമാറ്റി ഉണങ്ങിയ നിലമുണ്ടാക്കി തന്റെ ജനത്തെ അക്കരെ കടത്തിയവനാണ് സർവ്വവല്ലഭനായ ദൈവം. കാക്കയെക്കൊണ്ട് തന്റെ ദാസന് ഭക്ഷണം കൊടുപ്പിച്ച അത്ഭുതങ്ങളുടെ ദൈവമാണ് നമ്മുടെ ദൈവം.

തിരുവചനം പറയുന്നു: "അതേ, ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജനപ്രദേശത്തു നദികളും ഉണ്ടാക്കും. ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ജനത്തിനു കുടിപ്പാൻ കൊടുക്കേണ്ടതിന്ന് ഞാൻ മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു നദികളും നൽകിയിരിക്കുന്നു" (യെശയ്യാ 43:19-20).

"അന്ന് കുരുടന്മാരുടെ കണ്ണ് തുറന്നു വരും. ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കുയുമില്ല. അന്ന് മുടന്തൻ മാനിനെപ്പോലെ ചാടും. ഊമന്റെ നാവും ഉല്ലസിച്ച് ഘോഷിക്കും. മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു തോടുകളും പൊട്ടിപ്പുറപ്പെടും. മരീചിക ഒരു പൊയ്കയായും വരണ്ട നിലം നീരുറവകളായും തീരും" (യെശയ്യാ 35:5-7). ഇന്നും അത്ഭുതങ്ങൾ നടക്കുന്നുണ്ട്. അത്ഭുതങ്ങളുടെ കാലം തീർന്നുപോയിട്ടില്ല. ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്.

ഒരു പാവപ്പെട്ട തൊഴിലാളി ഉണ്ടായിരുന്നു. അവൻ മുഴുക്കുടിയനായിരുന്നു. അവൻ ജോലി ചെയ്തു സമ്പാദിക്കുന്ന പണം മുഴുവനും മദ്യപാനത്തിനുവേണ്ടി ചെലവാക്കിക്കൊണ്ടിരുന്നു.

ഭാഗ്യവശാൽ അവൻ ഒരിക്കൽ ജീവന്റെ വചനംകേട്ട് മാനസാന്തരപ്പെട്ടു. അവന്റെ മദ്യപാനം പോയി. അവൻ പണം നീക്കിബാക്കി ഉണ്ടാക്കാൻ തുടങ്ങി. തന്മൂലം നല്ല ചുറുചുറുക്കും ഊർജ്ജസ്വലതയും കൈവന്നു.

അവന്റെ കൂട്ടുകാരായ മറ്റു തൊഴിലാളികൾക്കെല്ലാം അവനോട് അസൂയയായി. ഒരു വലിയ മണ്ടത്തരം അവന് പറ്റിപ്പോയെന്ന് പറഞ്ഞ് അവർ അവനെ നിരന്തരം പരിഹസിക്കുകയും ആക്ഷേപിക്കുകയും ചെയ്തു.

ഒരു ദിവസം അവർ അവനോടു പറഞ്ഞു: "നീ മാനസാന്തരപ്പെട്ടു എന്നൊക്കെ നീ പറയു

ന്നുണ്ടല്ലോ. വലിയ അത്ഭുതങ്ങൾ നടന്നു എന്ന തൊന്നും നിനക്ക് വിശ്വസിക്കാൻ സാധിക്കുകയില്ലെന്ന് ഞങ്ങൾക്കറിയാം. നീ അത്ര മണ്ടനൊന്നുമല്ല. യേശുക്രിസ്തു പച്ചവെള്ളത്തെ വീഞ്ഞാക്കി എന്നു പറയുന്ന സംഭവം ആർക്കെങ്കിലും വിശ്വസിക്കാൻ പറ്റുമോ?".

അവൻ ഉടനെ മറുപടി പറഞ്ഞു: "രണ്ടായിരം കൊല്ലം മുമ്പ് പലസ്തീൻ നാട്ടിൽ യേശു പച്ച വെള്ളത്തെ വീഞ്ഞാക്കി എന്നത് എനിക്കത്ര പ്രധാനമായ കാര്യമല്ല. പക്ഷേ എന്റെ സ്വന്തഭവനത്തിൽ ഈയിടെ യേശു മദ്യത്തെ ഫർണിച്ചർ (വീട്ടുപകരണങ്ങൾ) ആക്കി മാറ്റുന്ന മഹാത്ഭുതം ചെയ്തു. അത് യേശു എനിക്ക് ചെയ്ത അത്ഭുതമാണ്". (I do know that in my own house and home, He has turned beer into funiture). ഇതാണ് മരുഭൂമിയിലെ നീർപ്പൊയ്ക. മരുഭൂമിയിൽ നീർപ്പൊയ്ക ഉളവാക്കാനാണ് കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിൽ പിറന്നതും കാൽവരി ക്രൂശിൽ മരിച്ചതും. ഏറ്റവും വലിയ അത്ഭുതം മനുഷ്യഹൃദയത്തിലുണ്ടാകുന്ന രൂപാന്തരമാണ്. പാപത്തിൽ തഴമ്പിച്ചു ജീവിച്ച മനുഷ്യൻ പാപജീവിതത്തെ വിട്ടുമാറുന്നതാണ് ഏറ്റവും വലിയ അത്ഭുതം.

അഞ്ചപ്പംകൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ചു എന്നത് തീർച്ചയായും ഒരത്ഭുതം തന്നെയാണ്. എന്നാൽ അഞ്ചപ്പവും രണ്ടുമീനും സ്വന്തമായി ഭക്ഷിക്കാമായിരുന്ന ബാലൻ അത് യേശുവിന്റെ കൈകളിലേയ്ക്ക് കൊടുക്കാൻ മനസ്സായി എന്നത് എത്രയോ വലിയ അത്ഭുതമാണ്.

മരുഭൂമിയിലേതുപോലെ വരണ്ടുണങ്ങിയ ജീവിതത്തിൽ, ആകുലതകളും ആവലാതികളും ദുരിതങ്ങളും ദുഃഖങ്ങളുമെല്ലാം ക്രിസ്തുവിന്റെ പാദത്തിലർപ്പിക്കുവാൻ ഇടയാകുന്നത് ഭാഗ്യമാണ്. പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും നടുവിൽ ചഞ്ചലപ്പെടാതെ ക്രിസ്തുവിനെ നോക്കി ആശ്വാസം പ്രാപിക്കണം. അതാണ് സാക്ഷാൽ സമർപ്പണം.

"ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന് കന്യക മാതാവ് സമ്പൂർണ്ണമായി സമർപ്പിച്ചതുപോലെ നമുക്കുള്ളത് ക്രിസ്തുവിന്റെ പാദത്തിൽ അർപ്പിക്കാൻ സാധിക്കുമ്പോഴാണ് യഥാർത്ഥ അത്ഭുതം നടക്കുന്നത്. ക്രിസ്തുവിന്റെ ഹിതപ്രകാരം മാത്രമേ ഇനി ഒരു നിമിഷംപോലും ഞാൻ ജീവിക്കുകയുള്ളൂ എന്ന ദൃഢമായ സമർപ്പണവും തീരുമാനവും എടുത്ത് ജീവിതത്തിന്റെ മുഴുവൻ നിയന്ത്രണവും ഭരണവും ക്രിസ്തുവിനെ ഏല്പിക്കുമ്പോഴാണ് അത്ഭുതം നടക്കുന്നത്. എങ്കിൽ "ആനന്ദൈശ്വര്യമെഴുന്ന മാസങ്ങളും അബ്ദങ്ങളും" ലഭിക്കും.

ജീവിതനൈരാശ്യം പൂണ്ട് ആത്മഹത്യയ്ക്ക് മുതിരുന്നവരുണ്ട്. കുടുംബത്തിലെ സ്വൈര്യക്കേടിലും അലോസരങ്ങളിലും അകംനൊന്ത് വിങ്ങുന്നവരുണ്ട്. ശരീരത്തിലെ രോഗങ്ങളിലും മനസ്സിന്റെ അസ്വസ്ഥതകളിലും ഉള്ളുരുകി വലയുന്നവരുണ്ട്. എനിക്കാരുമില്ലല്ലോ എന്നോർത്ത്, എന്നെ സ്നേഹിപ്പാനും എന്നെ സഹായിപ്പാനും ആരുമില്ലാതെ ഞാനൊറ്റപ്പെട്ടു പോയല്ലോ എന്നോർത്ത്, സ്നേഹത്തിനുവേണ്ടി കേഴുന്നവരുണ്ട്. കരകാണാക്കടലിൽ നീന്തി നീന്തി തളർന്ന് ഉലയുന്നതുപോലെ ജീവിതയാതനകളിൽ തളർന്ന് വിവശരാകുന്നവരുണ്ട്.


ഈ മരുപ്പറമ്പിലെ ഊഷരതകളിൽ തണലേകാൻ വരുന്ന ക്രിസ്തുവിൽ ചാരുവാനും സ്നേഹിക്കാനും കഴിയുന്നതാണ് സൗഭാഗ്യജീവിതം. അതാണ് സ്വർഗ്ഗനിത്യശാന്തിതീരത്തേയ്ക്ക് നമ്മെ അടുപ്പിക്കുന്നത്. അപ്പോൾ മറ്റുള്ളവർ നമ്മെ നോക്കി അതിശയം കൂറി പറയും, "മരുഭൂമിയിൽ നിന്ന് തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ട് വരുന്നോരിവൾ ആര്" (ഉത്തമഗീതം 8:5).

●

ലേഖനം

കുഞ്ഞുമോൻ വാരിക്കാട്

# ക്രിസ്മസ് നൽകുന്ന ജീവിതദർശനം



ക്രിസ്മസ് ശതാബ്ദങ്ങൾക്കപ്പുറത്തേക്ക് നമ്മുടെ ഓർമ്മകളെ കൊണ്ടുപോകുന്നു. ദൈവം മനുഷ്യനായി നമ്മുടെ ഇടയിലേക്കു വന്ന ദിനം. മനുഷ്യനിർമ്മിതമായ ചട്ടക്കൂടുകൾക്കും മാനദണ്ഡങ്ങൾക്കും വെല്ലുവിളി ഉയർത്തിയ ഒരു ജനനം. നിലവിലുള്ള നിയമങ്ങളെയും സമാധാനത്തെയും മാനുഷിക മൂല്യങ്ങളെയും മറികടന്ന ഒരു സംഭവം. സാധാരണക്കാരിൽ സാധാരണക്കാരനായി യേശുക്രിസ്തു ഭൂമിയിൽ ജനിച്ചു. ഈ ജനനത്തിന്റെ സവിശേഷത എന്താണെന്ന് മനസ്സിലാക്കേണ്ടതായിട്ടുണ്ട്. സാധാരണയായി ദരിദ്രർക്ക് ചരിത്രത്തിൽ ഒരു സ്ഥാനവും ലഭിക്കാറില്ല. എന്നാൽ യേശുക്രിസ്തുവിന്റെ ജനനത്തിലൂടെ സാധാരണക്കാർക്ക് ചരിത്രത്തിൽ സ്ഥാനം ലഭിച്ചു. അവരിൽ ഒരുവനായി, അവർക്കുവേണ്ടി അവരോടുകൂടി വസിച്ചു. പരിശുദ്ധിയുടെയും ദൈവികതയുടെയും അപ്രാപ്യമായ ലോകത്തിൽനിന്നും പാപിയായ മനുഷ്യരുടെ ഇടയിലേക്ക് ദൈവം ഇറങ്ങിവന്നു. സർവ്വജനത്തിനും ഉണ്ടാകുന്ന മഹാസന്തോഷത്തെ പ്രദാനം ചെയ്ത് ചരിത്രത്തെ നയിക്കുന്നു.

തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിക്കുകയും മനുഷ്യന്റെ വേദനകളിലും കഷ്ടപ്പാടുകളിലും അവനോട് പങ്കുചേരുകയും ചെയ്യുന്ന ദൈവത്തെയാണ് ക്രിസ്മസിലൂടെ നാം കാണേണ്ടത്. ത്യാഗത്തേയും ദാരിദ്ര്യത്തേയും സന്തോഷത്തോടെ സ്വയമായി സ്വീകരിച്ച് സമ്പന്നതയുടെ പുതിയ മാനവും ജനതയുടെ വിമോചനവും സാദ്ധ്യമാക്കാനുള്ള സമ്പൂർണ്ണഐക്യദാർഢ്യമാണ് യേശുക്രിസ്തുവിന്റെ ജനനം വിളിച്ചറിയിക്കുന്നത്.

ദൈവത്തിന്റെ സ്വഭാവം വെളിപ്പെടുന്നത് ദരിദ്രരുമായുള്ള ഐക്യദാർഢ്യത്തിലാണ്. പക്ഷേ ഇന്ന് ദരിദ്രർ പുറകിലേക്ക് തള്ളപ്പെടുകയും നിശബ്ദരായി കഴിയുകയും ചെയ്യുന്നു. ഇവിടെയാണ് ക്രിസ്മസിന്റെ പ്രസക്തി ഉണ്ടാകേണ്ടത്. ക്രിസ്മസിലൂടെ ദൈവത്തിന്റെ ദിവ്യസന്ദേശം മനുഷ്യന്റെ ആകുലതകളെയും അഭിനിവേശത്തെയും വിളിച്ചറിയിക്കുന്നു. സാധാരണക്കാർക്കു ദൈവത്തിന്റെ ലഭ്യതയാണ് ക്രിസ്മസിൽ നാം കാണുന്നത്. ചുങ്കക്കാരോടും പാപികളോടും മതം വീഴ്ച കല്പിച്ചു മാറ്റി നിർത്തിയവരോടും യേശുക്രിസ്തു സഹവസിച്ചു. സാധാരണ ജനങ്ങളുടെ ജീവിത യാഥാർത്ഥ്യങ്ങളോട് പ്രതികരിച്ച ദൈവത്തെ കാണുവാൻ കഴിയുമ്പോഴാണ് ക്രിസ്മസ് യാഥാർത്ഥ്യമാകുന്നത്.

മനുഷ്യനെ സംബന്ധിക്കുന്ന ഉന്നതമായ ഒരു കാഴ്ചപ്പാട് ചരിത്രത്തിൽ രൂപം കൊള്ളുന്നു. മനുഷ്യന്റെ വിമോചനമാണ് ക്രിസ്മസിന്റെ ഉള്ളടക്കം. അവശത അനു ഭവിക്കുന്നവന്റെ പക്ഷം ചേർന്ന് മർദ്ദ കർക്കെതിരെ നടത്തുന്ന നീതിക്കുവേണ്ടി യുള്ള പ്രതിഷേധത്തിന്റെ നാന്ദിയായ ക്രിസ്മസിൽ ഒരു മതത്തിന്റെ ദൈവത്തെ കാണുക സാദ്ധ്യമല്ല. എന്നാൽ ഒരു മതേ തര-മതാതീത ദൈവത്തെയാണ് കാണേണ്ട ത്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും പ്രവേശിക്കുന്ന യേശുക്രിസ്തു സകലരു ടെയും രക്ഷകനാണ്, സർവ്വജനത്തിന്റെയും മഹാസന്തോഷമാണ്.

യേശുക്രിസ്തുവിന്റെ ഐഹികജീവിതം, പ്രവർത്തനം, ക്രൂശുമരണം ഇവ ഒഴിച്ചു നിർത്തി ക്രിസ്മസിന്റെ പൂർണ്ണ അർത്ഥം മനസ്സിലാക്കാൻ കഴിയില്ല. യേശുക്രിസ്തു വിന്റെ ജനനം, പരസ്യശുശ്രൂഷ, ക്രൂശുമ രണം ഇവയുടെ പുനരവതരണം ക്രിസ്മ സിൽ കാണുവാൻ സാധിക്കണം. പൂർണ്ണമനുഷ്യത്വത്തിലേക്കുള്ള വളർച്ച ബേത്‌ലഹേമിലെ പുൽക്കൂടു മുതൽ കാൽവരിയിലെ കുരിശിൽ വരെ കാണു വാൻ കഴിയണം. യേശുക്രിസ്തുവിന്റെ ജീവിതത്തിന്റെ തുടക്കം മുതൽ മരണംവരെ താൻ ദരിദ്രരുമായി ഒന്നിച്ചുനിന്ന് നീതിക്കു വേണ്ടി പോരാടി.

ക്രിസ്മസ് പ്രസക്തമാകണമെങ്കിൽ അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരു മായ അടിസ്ഥാനവർഗ്ഗത്തോടുള്ള ഒരുമപ്പെ ടലിലൂടെ, അവരുടെ അവകാശസമരങ്ങളി ലൂടെ, ഭാഗഭാഗിത്വത്തിലൂടെ ക്രിസ്മസിന് പുതിയ നിർവചനം നൽകുവാൻ കഴിയണം. പൂർണ്ണമനുഷ്യത്വത്തിലേക്കുള്ള യാത്രയിൽ സാധാരണക്കാരുടെ ചൈതന്യവും ചലന വുമായിതീരുമ്പോൾ മാത്രമേ ക്രിസ്മസിന് പ്രസക്തിയുണ്ടാവുകയുള്ളു. ഒരു പുത്തൻ നാളെയുടെ നക്ഷത്രത്തിന്റെ പിമ്പേ, ചരി ത്രത്തെ നയിക്കുന്ന ദൈവത്തോട് അടുത്ത് പ്രവർത്തിപ്പാൻ ക്രിസ്മസ് നമ്മെ അനുസ്മ രിപ്പിക്കുന്നു. ●

## CAN YOU TELL ME ?

A Doctor was addressing a large audience in Manchester.

'The mateiral we put into our stomachs is enough to have killed most of us sitting here, years ago. Red meat is awful. soft frinks corrode your stomach lining. chinese food is loaded with MSG. High fat diets can be disatrous, and none of us realizes the long term harm caused by the germs in our drinking water. However, there is one thing that is the most dangerous of all and we all have eaten, or will eat it. Can anyone here tell me what food it is that causes the most grief and suffering for years after eating it?'

After several seconds of quiet, a 50-year old man in front row raised his hand, and softly said, 'Wedding Cake.'

From Internet

ലേഖനം

ഫാ. ഡോ. ജോസഫ് ചീരൻ

# 1811-ലെ മലയാളം ബൈബിൾ ദ്വിശതാബ്ദിയുടെ നിറവിൽ

ബോംബെ കൊറിയർ പ്രസ്സിൽനിന്ന് 1811-ൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച മലയാളം ബൈബിൾ, അതിന്റെ പിറവിയുടെ ഇരുന്നൂറാം വർഷം ആഘോഷിക്കുകയാണ്. യാതൊരു മതഗ്രന്ഥങ്ങളും മലയാളം അച്ചടിയിലേക്ക് പ്രവേശിക്കാതിരുന്ന അക്കാലത്ത് മലയാള ഗദ്യത്തിൽ ലഭ്യമായ ക്രിസ്തുവചനങ്ങൾ - നാലുസുവിശേഷങ്ങൾ മാത്രം അടിച്ച ആദ്യ മലയാള ബൈബിൾ - കേരളീയ ആദ്ധ്യാത്മിക മേഖലകളെ പ്രകാശവത്താക്കി. കൽക്കട്ട മിഷനറി ഡോ. ക്ലോഡിയസ് ബുക്കാനന്റെയും അന്നത്തെ മലങ്കര മെത്രാപ്പോലീത്ത ആയിരുന്ന ആറാം മാർത്തോമ്മായുടെയും നേതൃത്വ ത്തിൽ കേരളത്തിൽ ആഘോഷപൂർവ്വം എത്തിച്ചേർന്ന ബൈബിൾ ഒരു ചരിത്രസംഭവം തന്നെ ആയിരുന്നു. സുറിയാനി ബൈബിൾ ഉപയോഗിച്ചിരുന്ന മലങ്കരസുറിയാനി സഭയും (ഇന്നത്തെ ദക്ഷിണേന്ത്യൻ - സി.എസ്.ഐ. സഭയും തൊഴിയൂർ സഭയും മാർത്തോമ്മ ഇവാഞ്ചലിക്കൽ സഭകളും കത്തോലിക്കാ റീത്ത് സഭയുടെ മറ്റു പ്രൊട്ടസ്റ്റന്റ് സമൂഹങ്ങളും മലങ്കരസുറിയാനി സഭയിൽ ഉൾച്ചേരേണ്ടവരായിരുന്നു) അന്ന് പ്രത്യക്ഷത്തിൽ ബൈബിൾ ഉപയോഗിക്കാതിരുന്ന കത്തോലിക്കാസഭകളും മലയാളം ബൈബിളിനെ അത്യാവേശത്തോടെ പരിരംഭണം ചെയ്യുമ്പോൾ മതപരിഷ്ക്കരണതല്പരരായ ഇതരമതക്കാർ മലയാളത്തിൽ ലഭ്യമായ ക്രിസ്തുവചനങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ മതപരമായ നിലപാടുകളെ പരിഷ്കരിക്കുവാനും മതതത്വങ്ങളെ പുനർവ്യാഖ്യാനം ചെയ്യുവാനും മുതിർന്നതിന്റെ ഫലമാണ് നാമിന്ന് കേരളത്തിൽ കാണുന്ന മതപ്രബുദ്ധതയും മതസമാനതകളും. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ആരംഭിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വളർന്ന് വികസ്വരമായ ശ്രീ ചട്ടമ്പി സ്വാമികളുടെയും ശ്രീനാരായണഗുരുവിന്റെയും സാത്വികദർശനങ്ങൾ രൂപപ്പെട്ടത് 1811-ലെ ബൈബിളിന്റെ പ്രകാശത്തിൽ വേദങ്ങളെയും ഉപനിഷത്തുകളെയും പുനർവ്യാഖ്യാനം ചെയ്തതിന്റെ ഫലമായിട്ടായിരുന്നു. അവർക്ക് മാതൃകയായി, ബാംഗാളിൽ രാജാറാം മോഹൻ റോയിയും സ്വാമി വിവേകാനന്ദനും ബൈബിൾ സംസ്കാരത്തിലൂടെ ആർജ്ജിച്ച സാത്വികവീക്ഷണത്തിൽ വേദോപനിഷത്തുകളെ പുനർവ്യാഖ്യാനം ചെയ്തുതുടങ്ങിയിരുന്നു. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായി ആവിർഭവിച്ച മലങ്കരസുറിയാനി ക്രിസ്ത്യാനി അസോസിയേഷനും (1873-1876) അന്നത്തെ സാമുദായികസംഘടനയായി പ്രവർത്തിക്കാൻ തുടങ്ങിയ ശ്രീനാരായണ ധർമ്മപരിപാലനസംഘവും (1902-1903) പിന്നീട് രംഗപ്രവേശം ചെയ്ത നമ്പൂതിരി യോഗക്ഷേമസഭ തുടങ്ങിയ സർവ്വസാമുദായിക സംഘടനകളും യാഥാർത്ഥ്യമായത് 1811-ൽ പ്രത്യക്ഷപ്പെട്ട് പ്രചരിച്ച മലയാളം ബൈബിളിന്റെ ഉപോല്പന്നങ്ങൾ എന്ന നിലയിലാണ്.

'ബുക്കാനൻ ബൈബിൾ' എന്നും 'റമ്പാൻ ബൈബിൾ' എന്നും അറിയപ്പെടുന്ന 1811-ലെ മലയാള ബൈബിളിന്റെ പിറവിയെപ്പറ്റി 'ചർച്ച് വീക്ക്ലി'' പ്രസിദ്ധീകരിച്ച ബൈബിൾ സ്പെഷ്യൽ പതിപ്പിൽ മാർത്തോമ്മാസഭയിലെ റവ. ടി.വി. തോമസ് എഴുതിയിട്ടുള്ളത് ഇപ്രകാ

രമാണ്: "മലയാളം ബൈബിൾ പരിഭാഷപ്പെടുത്തിയത് സുറിയാനി ബൈബിളിൽ നിന്നായിരുന്നു. തിമ്മയ്യാപ്പിള്ള, കായംകുളം പീലിപ്പോസ് റമ്പാൻ, പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാർ എന്നിവർ ചേർന്നാണ് സുവിശേഷഭാഗങ്ങൾ മലയാളത്തിലേക്ക് തർജ്ജിമ ചെയ്തത്.'' (ചർച്ച് വീക്ക്ലി, 1989 മെയ് 29, വാല്യം 37, ലക്കം 21, വിശുദ്ധ ബൈബിൾ - വിശേഷാൽപ്പതിപ്പ്) ബൈബിൾ വിവർത്തനത്തിന്റെ മുഖ്യപ്രേരകൻ ആയിരുന്ന ഡോ. ബുക്കാനൻ എഴുതുന്നു: "... പ്രതിമാസ വേതനം പറ്റുന്ന മൂന്ന് പേർ വിവർത്തനത്തിൽ വ്യാപൃതരായിരിന്നു," (1807 ജനുവരി 29-ന് കൊച്ചിയിൽ നിന്നെഴുതിയ കത്ത് - മെമ്മോയേഴ്സ് ഓഫ് ബുക്കാനൻ പുറ. 97). 1816 -ൽ മലങ്കര സഭ സന്ദർശിച്ച കൽക്കട്ടയിലെ ആംഗ്ലിക്കൻ ബിഷപ്പിന്റെ (ബിഷപ്പ് തോമസ് മിഡിൽട്ടൺ) ജീവചരിത്രത്തിൽ (1831-ൽ പ്രസിദ്ധപ്പെടുത്തിയത്) കാണുന്നത് ഇപ്രകാരമാണ് : "ബിഷപ്പ് മിഡിൽട്ടൺ സന്ദർശിച്ച പള്ളികളിൽ ആദ്യത്തേത് തൃപ്പൂണിത്തുറ ആയിരുന്നു... ഈ പള്ളി കത്തോലിക്കരും സുറിയാനിക്കാരും വ്യത്യാസം കൂടാതെ ഉപയോഗിച്ചിരുന്നു... ആദ്യം പള്ളിയിൽ ഇവർ ആരാധന നയിച്ചു. മിഡിൽട്ടൺ സന്ദർശിച്ചപ്പോൾ ഇരുവിഭാഗത്തിലെയും പട്ടക്കാർ സന്നിഹിതർ ആയിരുന്നു. സുറിയാനിക്കാർ മാത്രം ഉപയോഗിച്ചിരുന്നതും ബോംബെയിൽ അച്ചടിച്ചതുമായ മലയാളം സുവിശേഷപുസ്തകം സുറിയാനി വൈദികർ (സന്ദർശകനെ) കാണിച്ചു. അവരുടെ മിക്ക പള്ളികളിലും ബൈബിളിന്റെ മലയാളപരിഭാഷ ഉണ്ടായിരുന്നു. കുട്ടികൾക്ക് ഗ്രഹിക്കത്തക്കവിധം അത് ലളിതവും പ്രയോജനപ്രദവുമാണെന്ന് അവർ കരുതുന്നു. ജോസഫ് മെത്രാനാണ് അത് തയ്യാറാക്കിയത്. അദ്ദേഹമാണിപ്പോഴത്തെ (1816) മെത്രാൻ."(ചാൾസ് വെബ് - പുറം.284-292).

1969-ൽ ബർലിനിൽനിന്ന് പ്രസിദ്ധീകരിച്ച, ജർമ്മൻ ഭാഷയിലെഴുതിയ ഒരു ലേഖനം - 'ഇംഗ്ലീഷ് ചർച്ച് മിഷനും മലയാളം ബൈബിളും' - ഫാ. ഡോ. റെജി മാത്യു വിവർത്തനം ചെയ്തിട്ടുണ്ട്. (കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരിയിൽ പുതിയ നിയമം വിഭാഗത്തിൽ പ്രൊഫസർ ആണ് ഫാ. റജി മാത്യു).

"മലയാളത്തിലേക്കുള്ള വേദപുസ്തകപരിഭാഷ ഇംഗ്ലീഷുകാരായ മിഷനറിമാരുടെയും കേരളത്തിലുള്ള തിരുവിതാംകൂർ-കൊച്ചി ഭാഗത്തെ സിറിയൻ ഓർത്തഡോക്സ് സഭയുടെയും കൂട്ടായ പ്രവർത്തനഫലമായി ഉണ്ടായതാണ്. ബുക്കാനൻ കേരളം വിടുന്നതിന് മുമ്പ് തർജ്ജിമയിൽ ഏർപ്പെട്ട പട്ടക്കാർക്ക് എല്ലാം (ബഹുവചനം ശ്രദ്ധേയം - ലേഖകൻ) ബ്രിട്ടീഷ് ഗവൺമെന്റിന്റെ പ്രതിനിധിയെക്കൊണ്ട് ഒരു മാസത്തെ ശമ്പളം കൊടുപ്പിച്ചു. ഇതിൽ പുലിക്കോട്ടിൽ ജോസഫ് അഥവാ റമ്പാൻ ജോസപ് ആണ് പ്രധാനചുമതലകൾ വഹിച്ചിരുന്നത്. റമ്പാൻ ജോസഫ് 1815-ൽ അഞ്ഞൂറിലെ മാർ പീലിക്സീനോസിൽനിന്ന് ബിഷപ്പായി ത്തീർന്നതാണ്" (ഫാ. ഡോ. ജോസഫ് ചീരൻ. പുലിക്കോട്ടിൽ ജോസഫ് മാർ ദിവനാസ്യോസ് പുറം.134).

മലയാള-ഗദ്യഭാഷയുടെ ചരിത്രത്തിൽ 1811 -ലെ മലയാളം ബൈബിളിന്റെ പ്രാധാന്യം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. ഇത്ര സുദീർഘമായ ഒരു ടെക്സ്റ്റ് 1811-ന് മുമ്പ് ഉള്ള ചരിത്രം അന്വേഷിക്കുന്നവർക്ക് 'റമ്പാൻ ബൈബിൾ' വളമുള്ള മണ്ണാണ്. പദങ്ങൾ, വാക്യങ്ങൾ, വ്യാകരണുകാര്യങ്ങൾ, സംഖ്യകളുടെ വിന്യസനം, ലിപി വിന്യസനം, അച്ചടി തുടങ്ങിയ നിരവധി വിഷയങ്ങൾ അന്വേഷിക്കുന്നവർക്ക് ഈ പ്രാചീനഗ്രന്ഥം കന്യകാത്വമുള്ള ഗവേഷണസ്രോതസ്സാണ്. കേരളത്തിൽ ഉള്ള കത്തോലിക്കേതര ക്രിസ്ത്യാനികൾക്കെല്ലാം അവകാശപ്പെട്ട ഈ പൊതു പൈതൃകത്തിൽ അഭിമാനം കൊള്ളുന്നവർ ഇതിന്റെ ഭാഷാ - സാംസ്കാരിക പ്രാധാന്യവും പ്രസക്തിയും അന്വേഷിക്കുവാൻ ചുമലതപ്പെട്ടവരാണ്. ഈ ദ്വിശതാബ്ദി വർഷം അതിന് പ്രയോജനപ്പെടട്ടെ എന്നതാണ് ഈ ലേഖകന്റെ പ്രാർത്ഥന.

●

| ദർശനം |
|---|
| ഫാ. ബോബി ജോസ് കപ്പൂച്ചിൻ |

# ഉണ്ണിയെ ധ്യാനിക്കുമ്പോൾ



അവൻ അജ്ഞാതമായൊരു ഗ്രാമത്തിലാണ് പിറന്നത്. ഒരു സാധാരണ സ്ത്രീയുടെ മകനായി. മറ്റൊരു ഗ്രാമത്തിൽ തച്ചന്റെ പണി ചെയ്ത് മുപ്പതുവയസ്സുവരെ അയാൾ ജീവിച്ചു.

അയാൾ ഒരിക്കലും ഒരു പുസ്തകമെഴുതിയില്ല. ഏതെങ്കിലും ഔദ്യോഗികപദവി അലങ്കരിച്ചിട്ടില്ല. അദ്ദേഹത്തിനൊരു കുടുംബമുണ്ടായിട്ടില്ല. ഒരു സർവ്വകലാശാലയിലും പഠിച്ചിട്ടില്ല. വലിയൊരു നഗരത്തിൽ താമസിച്ചിട്ടില്ല. ജനിച്ചു വളർന്നിടത്തു നിന്നും ഇരുനൂറു മൈലിലധികം സഞ്ചരിച്ചിട്ടില്ല. മഹത്ത്വത്തിന്റെ അടയാളമെന്ന് ലോകം വിശ്വസിക്കുന്നതൊന്നും ചെയ്തിട്ടില്ല. സ്വന്തം ജീവിതമല്ലാതെ മറ്റൊരു സാക്ഷ്യപത്രവും അദ്ദേഹത്തിനുണ്ടായിരുന്നില്ല.

പൊതുജനാഭിപ്രായം തനിക്കെതിരെ തിരിയാൻ തുടങ്ങുമ്പോൾ അദ്ദേഹത്തിന് മുപ്പത്തിമൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിന്റെ സ്നേഹിതർ അദ്ദേഹത്തെ വിട്ട് ഓടിപ്പോയി. അദ്ദേഹം ശത്രുകരങ്ങളിലേല്പിക്കപ്പെട്ടു. വിചാരണ എന്ന പ്രഹസനത്തിലൂടെ കടന്നുപോയി. രണ്ടു കള്ളന്മാരുടെ മദ്ധ്യേ ആണിയിൽ അവർ അദ്ദേഹത്തെ ക്രൂശിൽ തൂക്കി.

മരിക്കുമ്പോൾ ഈ ഭൂമിയിൽ തനിക്കുണ്ടായിരുന്ന ഏക സമ്പാദ്യമായിരുന്ന വസ്ത്രങ്ങൾക്കുവേണ്ടി അദ്ദേഹത്തിന്റെ ഘാതകർ ചിട്ടിയിട്ടു. മരിച്ചപ്പോൾ, ഒരു സ്നേഹിതന്റെ കാരുണ്യത്താൽ കടം വാങ്ങിയ ഒരു കല്ലറയിലാണ് അദ്ദേഹത്തെ സംസ്കരിച്ചത്.

പത്തൊമ്പതു നൂറ്റാണ്ടുകൾ കടന്നുപോയി. ഇന്ന് അയാൾ മനുഷ്യരാശിയുടെ കേന്ദ്രബിന്ദുവാണ് (അജ്ഞാതകർത്താവ്)

**സന്മനസ്സുള്ളവരുടെ രാജാവ്**

സ്നേഹം ഒരിക്കലെങ്കിലും നിലാവിന് സദൃശമായൊരനുഭവം നിങ്ങൾക്ക് സമ്മാനിച്ചിട്ടുണ്ടോ...? ആരെയും പൊള്ളിക്കാതെ, ഒന്നും സ്വന്തമാക്കാതെ, ഒന്നിനോടും പരിഭവമില്ലാതെ നെഞ്ചിൽ പടരുന്ന സൗമ്യമായ നീലവെളിച്ചം. ഒരു ക്രിസ്മസ്‌രാവ് ഓർമ്മയിലുണ്ട്. കുറെ അൾത്താരബാലന്മാരോടൊപ്പം പട്ടണവിളുമ്പിലെ റെയിൽവഴികളിലൂടെ കരോൾഗീതങ്ങൾ പാടിപ്പോകുമ്പോൾ അണിഞ്ഞിരുന്നത് സാന്താക്ലോസിന്റെ മുഖമായിരുന്നു.

ക്രിസ്മസ് അപ്പൂപ്പന്റെ വേഷപ്പകർച്ച നല്കിയ ഒരാത്മവിശ്വാസത്തിൽ, കണ്ണുകളിൽ വിഷാദത്തിന്റെ ഇരുൾവീണ ആരെയൊക്കെയോ അണച്ചുപിടിക്കുമ്പോൾ ഉള്ളിൽ നിറയുന്ന അലിവിന്റെ നീലവെളിച്ചം, ഈ രാവൊടുങ്ങുമ്പോൾ, ഈ നീണ്ടയങ്കി അഴിച്ചുമാറ്റുമ്പോൾ, ഞാൻ പിന്നെയും ഒടുങ്ങാത്ത ആസക്തികളിലേക്കും അടങ്ങാത്ത വിദ്വേഷങ്ങളുടെ കനലിലേക്കും വലിച്ചെറിയപ്പെട്ടേക്കാം.

എന്നാലും ഈ രാവ്, പാലപ്പൂവിന്റെ മണമുള്ള കാറ്റ്, പള്ളിമണികൾ, നക്ഷത്രവിളക്കുകൾ, ഗ്ലോറിയ ഗീതങ്ങൾ ഒക്കെച്ചേർത്ത് അലിവിന്റെ മഞ്ഞണിഞ്ഞ താഴ്‌വരകളിലേക്ക് നമ്മെ കൈപിടിച്ച് കൊണ്ടുപോവുകയാണ്... സ്നേഹിച്ചും സ്നേഹിക്കപ്പെട്ടും കൊതിതീരാത്തവരുടെ ക്രിസ്മസ്. തിരിതെളിഞ്ഞ വഴികളിൽനിന്നാരോ പാടുന്നത് ഈ രാവിൻ സ്നേഹഗീതകം.

**ഭൂമിയുടെ സുകൃതം**

നിന്റെ പ്രാർത്ഥനകൾക്കും വാത്സല്യങ്ങൾക്കും ഇനിയൊരവകാശികൂടെയുണ്ടെന്ന് സ്നേഹപൂർവ്വം വെളിപ്പെടുത്തുന്ന പ്രിയമുള്ളവളേ, നിന്റെ ഉടലിലുണരുന്ന ജീവന്റെ വിസ്മയത്തെക്കുറിച്ച് ധ്യാനിക്കാം, ഞാനീ മഞ്ഞണിഞ്ഞ ദിനങ്ങളിൽ.

ജീവൻ നിന്റെയുള്ളിൽ ഒരു സഹസ്രദളപത്മത്തെപ്പോലെ, ഓരോ നിമിഷവും ഓരോ ദളം വിരിച്ച് വിടരുകയാണ്. എന്റെ പുലരിക്കിനാക്കളെയും ദീപ്തമാക്കാൻ. ഒരു കുഞ്ഞുണ്ടായിരുന്നു. പാൽ സുഗന്ധവുമായി നെഞ്ചിലിഴയുന്നൊരു കുഞ്ഞ്. കിനാക്കളിൽനിന്നു മോചനം നേടി ആ കുഞ്ഞ് നിന്റെ ജീവിതത്തിലേക്ക് കണ്ണുകൾ വിടർത്തി കനിവോടെ പ്രവേശിക്കുകയാണ്. എന്റെയാഹ്ലാദം കുഞ്ഞേ ഞാനേതു വാക്കിന്റെ ചിമിഴിലാണ് ഒതുക്കുക? വാത്സല്യവും പ്രാർത്ഥനകളും സ്നേഹവും മാത്രം. നമ്മുടെ കുഞ്ഞെന്ന് പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു. ജൈവരേതസ്സുകളിൽനിന്നല്ല, സൂര്യതേജസ്സിൽനിന്നാണ് ഉണ്ണികൾ പിറക്കേണ്ടതെന്ന ഒരു പാഠംകൂടി മേരിയുടെ ഉദരത്തിലെ കുഞ്ഞ് ഓർമ്മിപ്പിക്കുന്നുണ്ടല്ലോ... പ്രിയമുള്ളവളേ, നിന്റെ ഉടൽ ഒരു ദേവാലയംപോലെ അതിന്റെ വിശുദ്ധിയിലൊരു സക്രാരി, ജീവന്റെ നിലയ്ക്കാത്ത സ്പന്ദനവുമായി... കരങ്ങൾ അറിയാതെ കൂപ്പിപ്പോവുകയാണ്.

ഓരോ കുഞ്ഞും ദൈവത്തിന്റെ മനസ്സുമായി ഭൂമി സ്പർശിക്കുവാനെത്തുകയാണ്. ജീവന്റെ ഒരു കുഞ്ഞുകണിക വലുതായി മിഴിതുറക്കുമ്പോൾ നീ ബെത്‌ലഹേമിലെ പൈതലിനെ ഓർമ്മിക്കുക. ഉദരത്തിൽ ജീവന്റെ വിസ്മയം വഹിക്കുന്ന ഓരോ അമ്മയും നന്മനിറഞ്ഞവളായി മാറുന്നു. നെഞ്ചിലൊഴുകുന്ന നന്മയുടെ

പാലരുവികൾ.

നിന്റെയാഹ്ലാദവുമായി തുലനം ചെയ്താണ് ഞാൻ ക്രിസ്മസ് രാവിലെ ഭൂമിയുടെ ആഹ്ലാദത്തിന്റെ തീവ്രതയറിയുക. സർവ്വപ്രപഞ്ചത്തെയും വിരൽത്തുമ്പുകളിൽ നിയന്ത്രിക്കുന്നവൻ അമ്മിഞ്ഞമണക്കുന്ന ഒരു പൈതലായി ഭൂമിയുടെ മാറിൽ. ഭൂമി അങ്ങനെയാണ് ഒരു ദേവാലയം പോലെ വിശുദ്ധമായത്. ഇനി ചെരുപ്പുകൾ അഴിച്ചുമാത്രമേ പുലരിമഞ്ഞിന്റെ നനവുള്ള ഈ മണ്ണിൽ ഞാൻ പദമൂന്നുകയുള്ളൂ.

**ഇമ്മാനുവൽ**

തിരുപ്പിറവിയോട് ചേർത്ത് പറയുന്നൊരായിരം കഥകളിലൊന്നാണിത്. രാത്രിയുടെ നിശ്ശബ്ദതയിൽ ഉണ്ണിയുടെ കരച്ചിലുയർന്നപ്പോൾ റാന്തൽവിളക്കുമായെത്തിയ ഇടയസ്ത്രീകളാണ് കുഞ്ഞിനെയാദ്യം കണ്ടത്. ഗുഹാമുഖത്ത് അവർ തൂക്കിയ റാന്തലിന്റെ വെളിച്ചത്തിലേക്കാണ് ഉണ്ണി മിഴി തുറന്നത്. അവർ സമ്മാനിച്ച ഒരു പുതപ്പിന്റെ ചൂടിലാണ് പിന്നെ ഉറക്കത്തിലേക്ക് മിഴി പൂട്ടിയത്. അവർ വിളമ്പിയ പാൽക്കട്ടിയിലാണ് അവന്റെ ദരിദ്രരായ മാതാപിതാക്കൾ അത്താഴം കണ്ടെത്തിയത്.

ഏറെ വർഷങ്ങൾക്കുശേഷം അന്നത്തെ ഉണ്ണിയുടെ നന്മകൾ ഷാരോണിലെ പരിമളംപോലെ ഇസ്രായേൽ മുഴുവൻ പടർന്നു തുടങ്ങിയപ്പോൾ, വാർദ്ധക്യത്തിലെത്തിയ ഈ ഇടയസ്ത്രീകൾ പേരക്കിടാങ്ങളെ അരികിൽ വിളിച്ചു പറഞ്ഞു തുടങ്ങി: കുഞ്ഞുമക്കളേ, ആടുകളെ മേയിച്ചു മാത്രമല്ല ഞങ്ങളുടെ ചുമലുകൾ വളഞ്ഞതും ശിരസ്സ് കുനിഞ്ഞതും. മറിച്ച്, ഒരായിരം പേരുടെയെങ്കിലും മുമ്പിൽ അടിമകളെപ്പോലെ നിന്നതുകൊണ്ട്. എന്നാൽ, അന്നാദ്യമായ് അവന്റെ പിറവിയിൽ ഞങ്ങളുടെ ശിരസ്സുകൾ ഉയർന്നുനിന്നു. കാരണം അവൻ നമ്മളെക്കാൾ ശിശുവായിരുന്നു. നമ്മെ ചെറുതാക്കാൻ വേണ്ടിയായിരുന്നു അത്. അവൻ– നമ്മുടെ റാന്തലിന്റെ വെളിച്ചത്തിലേക്ക് മിഴി തുറന്നവൻ, നമ്മുടെ പുതപ്പിൽ സുഖമായി അന്തിയുറങ്ങിയവൻ, അവന്റെ മാതാപിതാക്കൾക്ക് നമ്മുടെ അത്താഴം. ആ കുഞ്ഞുങ്ങളും പിന്നീട് അവന്റെ ഓർമ്മകൾക്കു മുമ്പിൽ ശിരസ്സുയർത്തി നിന്നു.

ഇമ്മാനുവേൽ. ദൈവം നമ്മോടുകൂടെയുണ്ടെന്നു മാത്രമായിരിക്കില്ലർത്ഥം. നമ്മളെ ചെറുതാക്കാതിരിക്കാൻ നമ്മളോടൊപ്പം നമ്മളെപ്പോലെ എന്നുകൂടി അർത്ഥമുണ്ടാകണം.

**ദൈവത്തിന്റെ പ്രത്യാശയും ബലിയും**

ഇനിയൊന്നും പഴയതുപോലെയാവില്ല. ഒഴിവുദിനങ്ങളുടെ കൗതുകങ്ങളിൽ കത്തിനിന്ന നിക്ഷത്രവിളക്കുകൾ, വിശുദ്ധധൂപം പോലെ രാവിലുയർന്നു പൊങ്ങുന്ന കരോൾഗീതങ്ങൾ, ഹൃദയമുണർത്തുന്ന സാന്ദ്രദേവാലയ മണിനാദങ്ങൾ, വർണ്ണചിത്രങ്ങൾക്ക് പിന്നിൽ തൊട്ടറിയാവുന്ന പ്രിയമുള്ളൊരാളുടെ നന്മയും കനിവും. മെഴുകുതിരികൾ എരിയുന്ന പുൽക്കൂട്ടിൽ ഉണ്ണിയുടെ പാൽപ്പുഞ്ചിരി. ഇല്ല, ഒന്നുമിനി തിരികെ ലഭിക്കില്ല.

എന്നിട്ടും ഇരുകരങ്ങളും നീട്ടി നമുക്കീ ക്രിസ്മസിനെ വരവേൽക്കുക. കാരണം ഓരോ ക്രിസ്മസും ദൈവത്തിന്റെ പ്രത്യാശയുടെ സുവിശേഷമാണ് പ്രഘോഷിക്കു

ക. പ്രളയകാലങ്ങൾക്കുശേഷം ചക്രവാളത്തിൽ തെളിയുന്ന ഒരു മഴവില്ല്. തിന്മയുടെ വിത്തുവിതച്ച വയലുകളിൽനിന്നുപോലും സുകൃതിയുടെ പൂക്കൾ വിരിയുമെന്ന് വിശ്വസിക്കുന്ന ദൈവം മന്ത്രിക്കുന്നു: ഇല്ല അവസാനത്തേതെന്ന് പറയരുത്. ഇനിയും പൂക്കൾ വിരിയാനുണ്ട്. ഇനിയും കിളികൾ ചിലയ്ക്കാനുണ്ട്. ആടുകൾക്ക് ഇനിയും ഇടയനുണ്ട്. അവനിനിയും അത്താഴമുണ്ട്.

***മനുഷ്യന്റെ എല്ലാ അളവുകോലുകളെയും അതിലംഘിക്കുന്ന ദൈവത്തിന്റെ പ്രത്യാശയുടെ ക്രിസ്മസ്. ആകാശത്തിന്റെ വിശാലതയിൽ പറക്കാൻ കഴിയാത്ത വിധം ചിറകു നഷ്ടപ്പെട്ടവർക്കായി പ്രത്യാശയുടെ ക്രിസ്മസ്.***

ക്രിസ്മസ് ഒരു ബലിയുടെ ഓർമ്മകൂടിയാണ്. നെഞ്ചോടണച്ചുപിടിക്കുന്നയൊന്നിനെ വിട്ടുകളയുകയെന്നതിന്റെ വേദന എങ്ങനെയാണ് പറഞ്ഞു മനസ്സിലാക്കുക. ആയിരം ആട്ടിൻപറ്റങ്ങളിൽനിന്ന് ഒരാടിനെ നല്കുന്നത് ബലിയല്ല. സ്വന്തം ഉടലിന്റെയും മനസ്സിന്റെയും ഭാഗമായ ഒരാളെ പോകാനനുവദിക്കുന്നതാണ് ബലി. ഹോറെബ്മലയിലെ അബ്രാഹത്തിന്റെ ബലിപോലെ. ക്രിസ്മസ്സിന്റെ വർണ്ണപകിട്ടുകളിലും ഞാനോർമ്മിച്ചു വ്യാകുലപ്പെടുന്നത് പിതാവായ ദൈവത്തിന്റെ മനസ്സിനെക്കുറിച്ചാണ്. ഇസഹാക്കിനു പകരം അബ്രാഹത്തിന് ആട്ടിൻകുട്ടിയെ സമ്മാനിച്ചവൻ തന്റെ പുത്രനു പകരം ഒരാട്ടിൻകുട്ടിയെ കണ്ടെത്തിയില്ലല്ലോ. തന്റെ ഏകജാതനെ നല്കുമാറ് അത്രമേൽ ഭൂമിയെ ഇഷ്ടപ്പെട്ട ദൈവത്തിനായി നന്ദി മാത്രം മനസ്സിൽ.

**വാനിലെ നക്ഷത്രം**

ക്രിസ്തു മരിച്ചപ്പോൾ ഏതാണ്ട് മദ്ധ്യാഹ്നമായിരുന്നു. എന്നിട്ടും നമ്മളിങ്ങനെ വായിക്കുന്നു: "അപ്പോൾ സൂര്യനസ്തമിച്ചു". ക്രിസ്തു പിറന്നത് പാതിരാവിലും. അവന്റെ പിറവിയെ വിളംബരം ചെയ്ത് നക്ഷത്രമുദിച്ചു. ഒരുപമപോലെ ധ്യാനിക്കണമിവയെ. ഏതു മദ്ധ്യാഹ്നത്തിലും എന്റെ മനസ്സിൽ ക്രിസ്തുവിന്റെ മിഴികൾ അടയ്ക്കപ്പെടുമ്പോൾ എന്റെ സൂര്യനെ എനിക്ക് കൈമോശം വരുന്നു. ഒപ്പം, ഏതിരുളിലും അവന്റെ മിഴികൾ എന്റെ നെഞ്ചിൽ തുറക്കപ്പെടുമ്പോൾ എന്റെ സൂര്യനുദിക്കുന്നു. (സൂര്യനും അടിസ്ഥാനപരമായി ഒരു നക്ഷത്രം മാത്രമാണല്ലോ). ഇനിമുതൽ ഉദയാസ്തമയങ്ങളെ നിർണ്ണയിക്കുന്നത് പ്രകൃതിയുടെ താളങ്ങളും നിയമങ്ങളുമല്ല. മറിച്ച് ഉള്ളിലെ ക്രിസ്തുവിന്റെ സാന്നിധ്യവും അസാന്നിധ്യവുമാണ്. ബെത്‌ലഹേമിനു മുകളിൽ തെളിഞ്ഞുനിന്ന നക്ഷത്രം പിന്നെ താഴേക്കു പതിച്ചുവെന്ന് ഒരു പാരമ്പര്യകഥയുണ്ട്. യാക്കോബിന്റെ കിണറിന്റെ ആഴങ്ങളിലേക്ക്. ഇന്നു മതിന്റെ അടിത്തട്ടിൽ ജ്വലിച്ചു കിടപ്പുണ്ട്. പക്ഷേ, പ്രശ്നമുണ്ട്. ഹൃദയനൈർമ്മല്യമുള്ളവർക്ക് മാത്രമേ നക്ഷത്രത്തിന്റെ ദർശന സൗഭാഗ്യം ലഭിക്കയുള്ളൂ. ഞാനതിനെ ഒരിക്കലും കാണുകയുണ്ടാവില്ല. എന്നിട്ടും ഞാൻ സ്വപ്നം കാണാൻ ധൈര്യപ്പെടുന്നു. ഒരു ദിവസം ഒരു പക്ഷേ, എനിക്കും...

●

| ദർശനം |
|---|
| റവ. പ്രൊഫ. തോമസ് ജോൺ |



# "ഇതാ, ഞാൻ കർത്താവിന്റെ ദാസി"

## (ലൂക്കൊസ് 1:34-56)



യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാപദ്ധതിയുടെ സാക്ഷാത്കാരമാണ് നാം ക്രിസ്തുവിന്റെ ജഡധാരണത്തിൽ ദർശിക്കുന്നത്. പുരുഷനെ അറിയാത്ത ഒരു സ്ത്രീയ്ക്ക് ഇത് എങ്ങനെ സാദ്ധ്യമാകും എന്ന കന്യക മറിയയുടെ ചോദ്യത്തിന് ദൂതൻ നല്കുന്ന മറുപടി അവസാനിക്കുന്നത് ''ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ലല്ലോ'' എന്ന പ്രസ്താവനയോടുകൂടിയാണ്. അത്ഭുതങ്ങളെ ന്യായീകരിക്കാൻ പലപ്പോഴും ഉപയോഗിക്കുന്നത് ഈ വാക്യമാണ്. എന്നാൽ അത്ഭുതങ്ങൾ നടക്കുന്നത് ശൂന്യതയിലല്ല. യേശു കല്ല് അപ്പമാക്കി ആരുടെയും വിശപ്പടക്കുന്നില്ല. ഒരു ദരിദ്രബാലൻ സ്വമേധയാ നല്കുന്ന ദരിദ്രന്റെ ഭക്ഷണമായ അഞ്ചപ്പവും രണ്ടുമീനുമാണ് അയ്യായിരത്തോളം ആളുകളുടെ വിശപ്പടക്കാൻ യേശു ഉപയോഗിക്കുന്നത്. യേശുവിന് വെള്ളം വീഞ്ഞാക്കുന്നതിന് കൽപാത്രങ്ങളിൽ വെള്ളം നിറയ്ക്കാൻ സന്നദ്ധരാകുന്ന ശിഷ്യന്മാരുടെ അനുസരണ ആവശ്യമായിരുന്നു. പക്ഷപാതക്കാരന് സൗഖ്യം ലഭിക്കുന്നതിന് അവനെ മേൽക്കൂര പൊളിച്ച് യേശുവിന്റെ മുമ്പിലേക്ക് കെട്ടിയിറക്കാൻ സന്നദ്ധമാകുന്ന നാലാളുകളുടെ വിശ്വാസവും നിശ്ചയദാർഢ്യവും ആവശ്യമായിരുന്നു. ഗത്സമനത്തോട്ടത്തിൽ, "പിതാവേ, നിനക്ക് എല്ലാം കഴിയും" എന്ന് യേശു അംഗീകരിക്കുമ്പോഴും ദൈവഹിതത്തിന് താൻ സ്വയം സമർപ്പിക്കുന്നു. "ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ" എന്ന പ്രാർത്ഥനയിൽ പ്രകടമാകുന്ന ആത്മസമർപ്പണം ആവശ്യമായിരുന്നു നമ്മുടെ രക്ഷ സാദ്ധ്യമാക്കുന്നതിന്. ദൈവത്തിന്റെ ലോകത്തിനു വേണ്ടിയുള്ള രക്ഷാപദ്ധതി (God's plan of Salvation) ലോകത്തിൽ നിറവേറ്റപ്പെടുന്നതിന് ഒരു പാവപ്പെട്ട, "ഏതുമില്ലാത്ത" സ്ത്രീയുടെ ഗർഭപാത്രം, സഹകരണം ആവശ്യമായിരുന്നു; ''ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന മറിയയുടെ മറുപടിയിൽ പ്രതിഫലിക്കുന്നതും ഈ ആത്മസമർപ്പണം ആണ്.

ഇങ്ങനെ ദൈവത്തിന്റെ രക്ഷാപദ്ധതിയോട് സഹകരിച്ച മഹത്വ്യക്തികളിലൂടെ ദൈവം

പ്രവർത്തിച്ച അത്ഭുതങ്ങളാണ് ക്രിസ്ത്യൻ മെഡിക്കൽ കോളജും (വെല്ലൂർ) മന്ദിരം സൊസൈറ്റിയും മാങ്ങാനം ആശ്രമവും യു.സി. കോളേജും നമുക്ക് അറിയാവുന്നതും അറിയാൻ പാടില്ലാത്തതുമായ മറ്റു പല ക്രൈസ്തവ സ്ഥാപനങ്ങളും. യേശുക്രിസ്തുവിൽ കൂടെ വെളിവാക്കപ്പെട്ട രക്ഷാപദ്ധതി ഈ ലോകത്തിൽ നിറവേറ്റുന്നതിന് ഈ സ്ഥാപനങ്ങളും അതിൽ പ്രവർത്തിക്കുന്നവരും പ്രതിജ്ഞാബദ്ധരാകുന്നിടത്താണ് അവ ക്രൈസ്തവസ്ഥാപനങ്ങൾ ആകുന്നത്. വിദ്യാഭ്യാസവും ആരോഗ്യപരിപാലനവും ആതുരശുശ്രൂഷയും എല്ലാം ഇതിനുള്ള മുഖാന്തിരമായിട്ടാണ് നമ്മുടെ മുൻതലമുറ മനസ്സിലാക്കിയിരുന്നത്.

ഈ പൊതുവായ ദർശനം ഒരു സ്ഥാപനത്തിൽ പ്രവർത്തിക്കുന്നവർ എല്ലാവരും, ഉയർന്ന സ്ഥാനത്തിരിക്കുന്നവരും ഏറ്റവും താണ സ്ഥാനത്ത് ഇരിക്കുന്നവരും, പങ്കുവെയ്ക്കുമ്പോഴാണ് അതിനെ വർദ്ധിച്ച സംഘകർമ്മവീര്യം (group morale) ഉള്ള സ്ഥാപനമായി നാം കണക്കാക്കുന്നത്. ഇങ്ങനെ പൊതുവായ ദർശനത്തിലും അതിൽനിന്ന് ഉളവാകുന്ന പ്രത്യേകമായ ലക്ഷ്യത്തിലും വലിപ്പച്ചെറുപ്പം ഇല്ലാതെ എല്ലാ ജോലിക്കാരെയും ഒന്നിപ്പിക്കാൻ കഴിയുക എന്നതിലാണ് അതിന്റെ സംഘകർമ്മവീര്യം നിലനില്ക്കുന്നത്. ഇതിനെ ഉദാഹരിക്കുന്ന ഒരു കഥ എവിടെയോ വായിച്ചത് ഇവിടെ രേഖപ്പെടുത്തുന്നു. യൂറോപ്പിലെവിടെയോ സംഭവിച്ചതായിരിക്കണം.

കുറേ ആളുകൾ ജോലി ചെയ്യുന്ന സ്ഥലത്തേക്ക് ജിജ്ഞാസുവായ ഒരു വഴിപോക്കൻ കടന്നു ചെല്ലുന്നു. അവിടെ മൂന്നുപേർ കല്ല് ചെത്തുകയാണ്. വഴിപോക്കൻ ഒരാളോട് ചോദിച്ചു: “നീ എന്തുചെയ്യുകയാണ്?” അവൻ മറുപടി നല്കി. “ഞാൻ കല്ല് ചെത്തുകയാണ്”. അധികമൊന്നും സംസാരിക്കാൻ അവൻ തയ്യാറില്ലായിരുന്നു. രണ്ടാമത്തെ ആളെ സമീപിച്ചു കൊണ്ട് അതേ ചോദ്യം ആവർത്തിച്ചു. അവൻ പറഞ്ഞു: “ഞാനും കല്ലുചെത്തുകയാണ്. ഇവിടെനിന്ന് തെക്ക് വളരെ ദൂരെ ഒരു സ്ഥലത്തു നിന്ന് വന്ന് ഇവിടെ ജോലി ചെയ്യുകയാണ്. സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ടാണ് ഇത്രയും ദൂരം സഞ്ചരിച്ച് ഇവിടെ വന്ന് ജോലി ചെയ്യുന്നത്. കുറച്ചു പണം ഉണ്ടാക്കിയാലുടനെ ഞാൻ വീട്ടിലേക്ക് മടങ്ങിപ്പോകും.”. മൂന്നാമത്തെ ആളിന്റെ അടുക്കലേക്ക് നീങ്ങി വഴിപോക്കൻ വീണ്ടും ചോദ്യം ആവർത്തിച്ചു: “നീ എന്തു ചെയ്യുകയാണ്?” “ഞാൻ സാലിസ്ബറി കതീഡ്രൽ പണിയുകയാണ്, ഇത് വളരെ മനോഹരവും വളരെ വലിപ്പമുള്ളതുമായ ഒരു ദേവാലയമാണ്. ഇത് എന്റെ ജീവിതകാലത്തുതന്നെ പൂർത്തീകരിക്കപ്പെടുമോ എന്നറിയില്ല. പക്ഷേ, ലോകത്തിന്റെ പല ഭാഗത്തുനിന്നുള്ള ആളുകൾക്ക് ആശ്വാസവും പ്രത്യാശയും സൗഖ്യവും ഏകുന്ന ഒരു ദേവാലയം ആയിരിക്കും ഇത് എന്നാണ് ബിഷപ്പ് പറയുന്നത്. ഇതിന്റെ പൂർത്തീകരണത്തിനുവേണ്ടി എനിക്കുശേഷം വേണ്ടി വന്നാൽ എന്റെ മക്കളും പണിയെടുക്കും”, ഇതായിരുന്നു മൂന്നാമന്റെ മറുപടി. ഒരു ക്രൈസ്തവസ്ഥാപനത്തിലെ തൂപ്പുകാരനും പറയാൻ കഴിയണം അവനോ അവളോ ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ സഹകാരിയാണെന്ന്. മാത്രമല്ല, ആ നിലയിൽ ആളിനെ ബഹുമാനിക്കാൻ ഉന്നതസ്ഥാനീയരായ മറ്റുള്ളവർക്കും കഴിയണം. ധർമ്മങ്ങൾ വ്യത്യസ്തമാകാം. പക്ഷെ എല്ലാവരും ഒരേ ലക്ഷ്യത്തിനുവേണ്ടി ഒരേ ദർശനത്തിൽ പ്രവർത്തിക്കുന്നവരായിരിക്കണം.

രണ്ടാമത് ശ്രദ്ധേയമാകുന്നത് കന്യകമറിയാമും എലിസബത്തും തമ്മിലുള്ള കൂട്ടായ്മയും ഐക്യദാർഢ്യവുമാണ്. തനിക്കു സംഭവിച്ച അപകീർത്തികരമായ സംഭവത്തിന്റെ വേദന പങ്കുവെയ്ക്കാൻ മറിയ ഓടിയെത്തുന്നത് പ്രായ

ത്തിൽ മൂത്ത തന്റെ ബന്ധുവായ എലിസബ ത്തിന്റെ അടുക്കലേക്കാണ്. അവളും തുല്യദുഃ ഖിതയാണ്; പ്രസവകാലം കഴിഞ്ഞ വൃദ്ധയായ അവളും ഗർഭവതിയാണ്. അവരും ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കുചേരുന്നതിന് തെരഞ്ഞെ ടുക്കപ്പെട്ടിരിക്കുന്നു. മൂത്തവളായ എലിസബ ത്തിനെ ബഹുമാനിക്കേണ്ടതും ഉപചരിക്കേ ണ്ടതും മറിയയാണ്. എന്നാൽ ഇവിടെ സംഭവി ക്കുന്നത് മറിച്ചാണ്. അസൂയാലുവാകാൻ എല്ലാ സാധ്യതയുമുള്ള ഒരു സാഹചര്യത്തിൽ എലി സബത്ത് മറിയയെ പുകഴ്ത്തുകയും അനുഗ്ര ഹിക്കുകയുമാണ് ചെയ്യുന്നത്. "എന്റെ കർത്താ വിന്റെ മാതാവ്'' എന്നാണ് എലിസബത്ത് മറിയയെ വിശേഷിപ്പിക്കുന്നത്. എലിസബ ത്തിന്റെ ഈ പ്രോത്സാഹനമാണ് മറിയയ്ക്ക് തന്റെ ധൈര്യവും ആത്മവിശ്വാസവും വീണ്ടെ ടുക്കാൻ സഹായകമായതും തുടർന്ന് തന്നെ ത്തന്നെ "ഭാഗ്യവതി" എന്നു വിശേഷിപ്പിച്ചു കൊണ്ടു പാടുവാൻ ഇടയാക്കിയതും. ദൈവ ത്തിന്റെ രക്ഷാപദ്ധതിയിൽ ഉപകരണമായി തെര ഞ്ഞെടുക്കപ്പെടുക എന്നത് അത്ര സൗകര്യ പൂർവ്വമുള്ള കാര്യമല്ല; അത് ജീവിതത്തെ ആകെ തകിടം മറിക്കും. ജീവിതം പ്രശ്നസങ്കീർണ്ണമാ കും. മറിയയുടെയും എലിസബത്തിന്റെയും ജീവിതത്തിൽ സംഭവിച്ചതുമതാണ്. പരീക്ഷണ ങ്ങളുടെ തീച്ചൂളയിൽകൂടി കടന്നുപോകേണ്ടിവ രും. അപ്പോഴും നമ്മെ താങ്ങിനടത്തുന്നത് ഈ കൂട്ടായ്മയാണ്, ഐക്യദാർഢ്യമാണ്, പരസ്പ രമുള്ള കൈത്താങ്ങൽ ആണ്.

പരസ്പരം ബഹുമാനിക്കുന്ന, പരസ്പരം ഭാരങ്ങളെ വഹിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന, ഭാരങ്ങൾ പങ്കിടുന്ന കൂട്ടായ്മ സംഘകർമ്മവീ ര്യത്തിന്റെ വളരെ സുപ്രധാനമായ സൂചികയാ ണ്. ഇതാണ് ഒരു ക്രൈസ്തവസ്ഥാപനത്തെ സവിശേഷമായും ക്രൈസ്തവമാക്കുന്നത്. വലു പ്പചെറുപ്പമില്ലാതെ "സ്നേഹത്തിൽ അന്യോന്യം സേവിക്കുന്ന" അനുഭവം നമ്മുടെ സ്ഥാപനങ്ങ ളിൽ ഉണ്ടാകണം. ഭരിക്കുന്നവരും ഭരിക്കപ്പെടു ന്നവരും എന്ന നിലയിലുള്ള വേർതിരിവ്, അങ്ങ നെയുള്ള ചിന്തപോലും പ്രോത്സാഹിപ്പിക്കപ്പെ ടേണ്ടതല്ല. ഇത്തരം ഒരു സംഘടനാ കാലാ വസ്ഥ (Organizational climate) സൃഷ്ടി ക്കേണ്ടത് അധികാരത്തിലിരിക്കുന്നവരുടെ ഉത്തരവാദിത്വമാണ്. പലപ്പോഴും സംഭവിക്കു ന്നത് അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ മറ്റു ജോലിക്കാരെ എല്ലാം കുറ്റപ്പെടുത്തുക എന്ന താണ്. ഇത് യാതൊരു തരത്തിലും കരണീയ മല്ല എന്നതു മാത്രമല്ല വസ്തുതാപരവും അല്ല. എല്ലാവരെയും കേൾക്കുന്ന, എല്ലാവരുടെയും പങ്കാളിത്തം ഉറപ്പിക്കുന്ന, എല്ലാവരെയും ബഹു മാനിക്കുന്ന ഒരു പ്രവർത്തനശൈലിയും സംഘടനാസംവിധാനവും പരിപോഷിപ്പിക്കേ ണ്ടതും നിലനിർത്തേണ്ടതും നേതൃത്വസ്ഥാന ത്തിരിക്കുന്നവരുടെ ചുമതലയാണ്. ഭരണസാ രഥ്യം വഹിക്കുന്ന കൂട്ടങ്ങൾ സ്വയനീതീകരണ ത്തിൽ മറ്റുള്ളവരെ പഴിക്കുകയും അവജ്ഞ യോടെ അവരോട് പെരുമാറുകയും ചെയ്യുന്ന സാഹചര്യം സഭയിലും അവയുടെ സ്ഥാപനങ്ങ ളിലും വർദ്ധിച്ചു വരുന്നു എന്നതാണ് നാം ഇന്ന് കാണുന്നത്. തങ്ങളിൽ ആരാണ് വലിയവൻ എന്ന ശിഷ്യന്മാരുടെ ഇടയിലെ തർക്കം ഇന്നും തുടരുന്നു. "നിങ്ങളിൽ വലിയവൻ എളിയവനെ പ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോ ലെയും ആകട്ടെ" (ലൂക്ക.22:26) എന്ന യേശു വിന്റെ ഉപദേശം വളരെ കൃത്യമായും ശ്രദ്ധ യോടെയും നാം കേൾക്കേണ്ടിയിരിക്കുന്നു.

ഇതിനൊന്നും ചെവികൊടുക്കാതെ ഭീഷ ണിയും പാരിതോഷികവും ഉപയോഗിച്ച് ക്രമ ത്തിന്റെയും ചിട്ടയുടെയും കാര്യക്ഷമതയുടെയും സാദൃശ്യം സൃഷ്ടിക്കാൻ കഴിയും; പക്ഷേ അതിനെ സംഘകർമ്മവീര്യം എന്നു വിശേഷി പ്പിക്കാൻ സാധ്യമല്ല; അത് ക്രൈസ്തവിക വുമല്ല.

അവസാനമായി അസൗകര്യമായതും ക്ലേശ പൂർണ്ണവുമായ ഈ ദൗത്യത്തിന്റെ മുഖത്ത് മറിയയേയും എലിസബത്തിനേയും പോലെ പാടാനും സ്വയം ഭാഗ്യവാന്മാരായി മനസ്സിലാക്കാനും ക്രൈസ്തവസ്ഥാപനങ്ങൾക്കും അതിൽ പ്രവർത്തിക്കുന്നവർക്കും കഴിയണം. ഇന്ന് കച്ചവടസംരംഭങ്ങളായി വളരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളോട് തട്ടിച്ച് സ്വയം പഴിക്കുന്ന, തങ്ങളുടെ ദരിദ്രമായ അവസ്ഥയിൽ പരിതപിക്കുന്ന അവസ്ഥയിലേക്ക് പല തലമുറകളുടെ പാരമ്പര്യമുള്ള ക്രൈസ്തവസ്ഥാപനങ്ങൾ തീർന്നിരിക്കുന്നു എന്നതാണ് ഖേദകരം. **അല്പകാലംകൊണ്ട് സമ്പന്നരായ 'വ്യാപാര' സ്ഥാപനങ്ങളുടെ വശ്യതയിൽ സ്വയം പഴിക്കാതെയും അപമതിക്കാതെയും "ദരിദ്രരെങ്കിലും പലരെയും സമ്പന്നർ ആക്കുന്ന" രക്ഷണ്യവേലയിൽ ദൈവത്തോട് ചേർന്നു പ്രവർത്തിക്കാൻ വിളിക്കപ്പെട്ടതിൽ സന്തോഷിക്കുന്നവരായിരിക്കാൻ ക്രൈസ്തവസ്ഥാപനങ്ങൾക്ക് കഴിയണം.** ആപേക്ഷികമായ ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും പരിമിതികളുടെയും മദ്ധ്യത്തിലും സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും സംഘടനാപരിസ്ഥിതി നിലനിർത്താൻ കഴിഞ്ഞിരുന്നു എന്നതാണ് തലമുറകളുടെ പാരമ്പര്യമുള്ള പല ക്രൈസ്തവസ്ഥാപനങ്ങളെയും കുറിച്ച് സവിശേഷമായി അഭിമാനിക്കാനുള്ളത്. പണസംബന്ധമായ സമ്പന്നത വേണോ ജീവിതത്തിൽ സംതൃപ്തിയും സന്തോഷവും ആത്മസാക്ഷാത്കാരവും വേണോ എന്നത് ഓരോ വ്യക്തിയും ഓരോ സ്ഥാപനവും തീരുമാനിക്കേണ്ടതാണ്. ഈ തീരുമാനത്തിലാണ് നാം ക്രൈസ്തവികമാകുകയോ ക്രൈസ്തവികമല്ലാതാകുകയോ ചെയ്യുന്നത്.

●

മൂന്നാമത്, യേശുക്രിസ്തുവിലൂടെയുള്ള രക്ഷാപദ്ധതിയെ കേവലവും അവ്യക്തവുമായ ചില ആശയങ്ങളിൽ ഒതുക്കുകയല്ല; മറിച്ച്, അതിനെ ചരിത്രപരവും മൂർത്തവുമായ അനന്തരഫലങ്ങളായി (Outcome) മറിയ തന്റെ പാട്ടിൽ വിശദീകരിക്കുന്നു. ഈ അനന്തരഫലങ്ങളുടെ അടിസ്ഥാനത്തിലാണ് ഒരു ക്രൈസ്തവസ്ഥാപനം തങ്ങളുടെ ക്രൈസ്തവികത വ്യക്തമാക്കേണ്ടത്. മിഷനറിമാരുടെ സംഭാവനയുടെ അവശിഷ്ടമായി നിലനില്ക്കുന്ന, ദരിദ്രർക്കും അധഃസ്ഥിതർക്കും വേണ്ടിയുള്ള, ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന സ്കൂളിന്റെ മുമ്പിൽ സമ്പന്നരുടെ കുട്ടികൾക്കു വേണ്ടിയുള്ള വിദ്യാപീഠങ്ങൾ തുടങ്ങുന്നതിലും അതിന്റെ നടത്തിപ്പിലും പ്രകടമാകുന്ന രക്ഷാപദ്ധതിയിലുള്ള പങ്കാളിത്തമെന്താണെന്ന് ക്രൈസ്തവസഭകൾ വ്യക്തമാക്കേണ്ടതുണ്ട്. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുന്ന, പ്രഭുക്കന്മാരെ സിംഹാസനങ്ങളിൽ നിന്നിറക്കി താണവരെ ഉയർത്തുന്ന, വിശന്നിരിക്കുന്നവരെ നന്മകളാൽ നിറച്ച് സമ്പന്നരെ വെറുതെ അയച്ചു കളയുന്ന വിപ്ലവകരമായ അനന്തരഫലങ്ങളെ യേശുക്രിസ്തുവിൽ കൂടെ സംഭവിക്കുന്ന രക്ഷയുടെ പ്രകടമായ രൂപമായി ക്രൈസ്തവസഭകൾക്കും അവയുടെ സ്ഥാപനങ്ങൾക്കും മനസ്സിലാക്കാൻ കഴിയുമോ? ഈ അനന്തരഫലങ്ങളോടു ബന്ധപ്പെട്ട മൂല്യബോധത്തിലായിരിക്കണം ക്രൈസ്തവസ്ഥാപനങ്ങൾ തങ്ങളുടെ സംഘടനാപരിസ്ഥിതിയെ രൂപപ്പെടുത്താൻ. ഹൃദയവിചാരത്തിൽ അഹങ്കരിച്ചുകൊണ്ടും സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ടും സമ്പന്നതയിൽ ജീവിച്ചുകൊണ്ടും ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ പങ്കുചേരും എന്നു കരുതുന്നിടത്താണ് സഭകൾക്കും ക്രൈസ്തവസ്ഥാപനങ്ങൾക്കും തെറ്റുപറ്റിയിരിക്കുന്നത്. ഇത് ആവശ്യപ്പെടുന്ന മൂല്യപരമായ മാറ്റം പ്രതിഫലിക്കുന്നതായിരിക്കണം ക്രൈസ്തവസ്ഥാപനങ്ങളുടെ ഗുണപരമായ മേന്മ നിർണ്ണയിക്കുന്ന ബെഞ്ച്മാർക്കുകൾ.

ലേഖനം

ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

# സമവായത്തിനു കൂട്ടുനിൽക്കാത്ത ക്രിസ്തു

ഇത് സമവായത്തെ പിൻതുണയ്ക്കുന്നവരുടെ കാലമാണെന്ന് തോന്നുന്നു. സമവായം രാഷ്ട്രീയമേഖലയിൽ, ഒരു പക്ഷേ, ഒരുപാട് ഗുണം ചെയ്യും. അങ്ങനെ രാഷ്ട്രീയമേഖലയിൽ പരീക്ഷിക്കപ്പെടുകയും അതുവഴി പല രാഷ്ട്രീയക്കാരും പല പ്രയോജനങ്ങളും അനുഭവിക്കുകയും ചെയ്ത ഒരു ഫോർമുലയായിട്ടാണ് സമവായം നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് ക്രൈസ്തവസഭകൾക്കിടയിൽ രൂപം കൊള്ളുന്ന ചില വൈരുദ്ധ്യങ്ങളെ പരിഹരിക്കുവാനും സമവായത്തെ ആശ്രയിക്കുവാൻ അത്തരം പ്രശ്നങ്ങളിൽ കക്ഷികൾ അല്ലാത്തവർ ഉത്സാഹിക്കുന്നത് കാണുമ്പോൾ ചിരിവരും.

ക്രിസ്തീയതലത്തിൽ ഉദ്ഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടേണ്ടത് ക്രിസ്തു കാണിച്ചു തന്ന വഴിയിൽ കൂടിയാകേണ്ടേ? ഓർത്തുനോക്കണം, പണ്ടത്തെ ഏദൻതോട്ടസംഭവങ്ങൾ... അവിടെ ദൈവം കർശനമായ ഒരു നിർദ്ദേശം ആദം-ഹവ്വ ദമ്പതികൾക്ക് നൽകിയിരുന്നല്ലോ. നടുവിലത്തെ വൃക്ഷഫലം ഭക്ഷിക്കരുത്. സർപ്പം പ്രത്യക്ഷപ്പെട്ട് ആദ്യമെ ഹവ്വയെ വശീകരിച്ചു. ഹവ്വയുടെ മുമ്പിൽ നേർവഴിക്ക് ഉണ്ടായിരുന്ന ഉത്തരം ദൈവകൽപന ലംഘിക്കുവാൻ ഞാനില്ല എന്ന് ആയിരിക്കേണ്ടിയിരിക്കുന്നു. എന്നാൽ വന്നുകയറിയ അതിഥിയെ പിണക്കുവാൻ ഹവ്വയ്ക്ക് മനസ്സു വന്നില്ല. ദൈവം നിശ്ചയിച്ചിരുന്ന നീതി അഥവാ ദൈവം കൊടുത്ത ഉത്തരവിനെ മറികടക്കുവാൻ സമവായത്തിന് ഹവ്വ മുതിരുന്നു. ആദത്തിനെയും കൂട്ടുപിടിച്ച് കൽപന ലംഘിച്ച് ദൈവതിരുമുമ്പാകെ മുട്ടാപ്പോക്ക് ന്യായങ്ങൾ നിരത്തുന്നു. അന്ന് ആദം-ഹവ്വ ദമ്പതികൾ ആരംഭിച്ച സമവായ സിദ്ധാന്തം അഥവാ തിയറി ഓഫ് കോംപ്രമൈസ് ഇന്നും സജീവമാണ്. സമവായസിദ്ധാന്തം മുമ്പിൽ വരുമ്പോൾ പിന്നാക്കം തള്ളപ്പെടുന്നത് നീതിയും ന്യായവും സത്യവുമാണ്. ഇത് മനസിൽവെച്ചുകൊണ്ട് ക്രിസ്തു ഒരിക്കൽ പറഞ്ഞു, നിങ്ങൾക്ക് ദൈവത്തെയും മാമോനേയും ഒരുമിച്ച് സേവിക്കുവാൻ സാധിക്കുകയില്ല എന്ന്. അതായത്, സമവായമല്ല സത്യവും നീതിയും ആയിരിക്കണം നിങ്ങളുടെ മാനദണ്ഡം.

പാപത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ യേശുവിന്റെ മുമ്പിൽ കൊണ്ടുവന്നപ്പോൾ നീതിയും ന്യായവും അനുസരിച്ച് അവളെ കല്ലെറിയുവാൻ തന്നെയായിരുന്നു യേശു വിധിച്ചത്. പക്ഷേ ഒരു വ്യവസ്ഥ മാത്രം. കല്ലെറിയുന്നത് പാപം ഇല്ലാത്തവരായിരിക്കണം. പാപം ഇല്ലാത്ത ഒരുവൻ കൂട്ടത്തിൽ



ഉണ്ടായിരുന്നെങ്കിൽ കല്ലേറ് നടക്കുമായി രുന്നു എന്നർത്ഥം. ധൂർത്തപുത്രൻ മടങ്ങി വന്നപ്പോൾ നടപ്പിലായത് നീതിമാത്രമായി രുന്നു. ഒരു സമവായ ശ്രമം ആ പിതാവ് നടത്തിയില്ല. മൂത്തപുത്രൻ അൽപമോ അധികമോ പരിഭവിച്ചെങ്കിലും പിതാവിന് നീതിയ്ക്കും സത്യത്തിനും അപ്പുറം ഒരു ആലോചനയും ഉണ്ടായില്ല. പത്തു കന്യക മാരുടെ ഉപമ സുപരിചിതമാണല്ലോ. ഇവി ടെയും ഒരു സമവായ സിദ്ധാന്തം അവതരി പ്പിക്കപ്പെടുന്നേയില്ല. എണ്ണയില്ലാത്തവർ നിഷ്കരുണം പുറത്താക്കപ്പെട്ടു. ഒരു കോംപ്രമൈസ് പ്രൊപ്പോസലും അവിടെ സംഗതമായില്ല.

നാൽപതു നാൾ ഉപവസിച്ച ക്രിസ്തു വിനെ പരീക്ഷിക്കുവാൻ സാത്താൻ ശ്രമി ച്ചപ്പോൾ സംഭവിച്ചത് എന്തായിരുന്നു? ക്രിസ്തു തന്റെ സത്യത്തിൽ ഉറച്ചു നിൽക്കു കയായിരുന്നു. സാത്താനുമായി ഒരു സമ വായത്തിനും മുതിർന്നില്ല. അതേസമയം സാത്താന്റെ ഉന്നം സമവായം തന്നെ ആയി രുന്നു. സമവായത്തിനു താൽപര്യം ഇല്ലാ യിരുന്നതുകൊണ്ടാണല്ലോ ക്രിസ്തു ക്രൂശു മരണം പ്രാപിച്ചത്. അവിടെ നീതിയും ന്യായവും പിതാവിന്റെ ഇഷ്ടം മാത്രമാ യിരുന്നു. സാത്താനുമായി കോംപ്ര മൈസ് ചെയ്തിരുന്നുവെങ്കിൽ ക്രൂശുമ രണം ഒഴിവായേനേ. പക്ഷേ ക്രിസ്തു പഠിപ്പിച്ചു കാണിച്ച സത്യത്തെയും നീതിയെയും മാത്രം പിൻപറ്റുന്നവനാ ണ്. ഇന്ന് സത്യം എന്ത്, നീതി എന്ത് എന്ന് മനസ്സിലാക്കാൻ ശ്രദ്ധിക്കാതെ നാം ഗിവ് ആൻഡ് ടേക്ക് പോളിസിയെ വരിക്കുവാൻ ശ്രമിക്കുന്നു, മറ്റുള്ളവരെ പ്രേരിപ്പിക്കുന്നു.

പുതിയ നിയമത്തിലെ ഏറ്റവും ശ്രദ്ധേ യമായ ഒരു വ്യക്തിത്വമായ യോഹന്നാൻ സ്നാപകന്റെ നീതിബോധത്തെപ്പറ്റി ഒന്നും തന്നെ വിവരിക്കേണ്ട ആവശ്യം ഇല്ല. അദ്ദേഹം സമവായസിദ്ധാന്തം പിൻപറ്റിയി രുന്നെങ്കിൽ ആ തല ഉടലിൽനിന്നും വേർപെടുമായിരുന്നില്ല. ആദിമശതകങ്ങ ളിലെ ശ്രേഷ്ഠപിതാക്കന്മാരെ പറ്റി ഓർത്താൽ സത്യത്തെ മുറുകെ പിടിച്ച് രോമാഞ്ചം കൊള്ളുവാൻ നാം ഇഷ്ടപ്പെ ടുന്നു, എന്നാൽ അവരെ പിൻപറ്റുവാൻ മാത്രം തയ്യാറല്ല. നമുക്കുവേണ്ടത് ഒരുതരം സമവായം മാത്രം. ക്രിസ്തുവിന് മുമ്പ് ജീവി ച്ചിരുന്ന മർത്തശ്മുനിയെ വിശുദ്ധയായി കൊണ്ടാടുന്ന ഇന്നത്തെ വിശ്വാസികൾക്ക് ആ മഹതി കാണിച്ചുതന്ന വഴി അന്യമായി തോന്നുന്നു. വാസ്തവത്തിൽ സത്യവും നീതിയും മറന്നുകൊണ്ട് സമവായം തേടി പ്പോകുന്ന സമ്പ്രദായം ക്രിസ്തീയതയ്ക്കു നിരക്കുന്നതല്ല എന്ന് വി. വേദപുസ്തക ത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒട്ടനവധി സംഭവങ്ങൾ നമ്മളെ പഠിപ്പിക്കുന്നു.

പരിശുദ്ധ ബസേലിയോസ് ദ്വിതീയൻ കാതോലിക്കാബാവായും അഭിവന്ദ്യ മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയും അനുഷ്ഠിച്ച ഉപവാസത്തെ പരാമർശിച്ചുകൊണ്ട് റവ. ഡോ. കെ.വി. മാത്യു ഒക്ടോബർ മാസത്തിലെ ചർച്ച് വീക്ക്‌ലിയിൽ എഴുതിയ ലേഖനമാണ് മേൽപറഞ്ഞ വിധത്തിലുള്ള ചിന്തകളിലേക്ക് എന്നെ നയിച്ചത്. ഇവർ രണ്ടുപേരും അനുഷ്ഠിച്ച ഉപവാസം ഒരു സമരപ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നില്ല. മറിച്ച് സത്യവും നീതിയും വെളിച്ചം കാണുവാനുള്ള പ്രചോദനമാകുവാൻ തക്കവണ്ണം ഒരു സഹനമായിരുന്നു. ഒരിക്കലും അതിനെ ഒരു സമ്മർദ്ദതന്ത്രമായി ദുർവ്യാഖ്യാനം ചെയ്യുവാൻ പാടില്ല. അങ്ങനെയെങ്കിൽ ഒരു പക്ഷേ യോഹന്നാൻ സ്നാപകനായിരുന്നിരിക്കണമല്ലോ ഏറ്റവും വലിയ സമ്മർദ്ദതന്ത്രജ്ഞൻ. രാജാവിനെ ദുർവൃത്തിയിൽനിന്നും മോചിപ്പിക്കുവാൻ അദ്ദേഹം നടത്തിയ യജ്ഞങ്ങൾ എത്രയോ ശ്രേഷ്ഠമായിരുന്നു. അവയൊക്കെ സമ്മർദ്ദതന്ത്രങ്ങളായിരുന്നോ? നീതിയും ന്യായവും സത്യവും സ്ഥാപിക്കപ്പെടണം എന്ന ഉദ്ദേശ്യം മാത്രമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. അത് ദൈവികമാർഗ്ഗം മാത്രമാണ്. ഇവിടെ സംഭവിച്ചതും അതിൽനിന്ന് അത്ര വളരെയൊന്നും വ്യത്യസ്തമല്ലായിരുന്നു. സത്യവും നീതിയും സ്ഥാപിക്കപ്പെടണം എന്നതു മാത്രമായിരുന്നു ലക്ഷ്യം. അതിനപ്പുറത്തേക്കുള്ള വ്യാഖ്യാനങ്ങൾ ക്രിസ്തീയമല്ല.

ഒരു പക്ഷേ ജനം വളരെ തടിച്ചുകൂടിയ സാഹചര്യത്തിൽ വൈകാരികമായ തലത്തിൽ ചില സംഭാഷണങ്ങൾ നടന്നിട്ടുണ്ടാവാം. എന്നാൽ അങ്ങനെ എന്തെങ്കിലുമൊക്കെ നടന്നിട്ടുണ്ടെങ്കിൽ തന്നെ അതല്ല യഥാർത്ഥം എന്ന് നാം തിരിച്ചറിയേണ്ടതാണ്. ഇന്നും നീതിയും സത്യവും സ്ഥാപിക്കപ്പെടുവാൻ സഭ കാത്തിരിക്കുകയാണല്ലോ. പുറമേ നിന്ന് സമവായം പ്രസംഗിക്കുവാൻ വളരെ എളുപ്പമാണ്. പക്ഷേ യഥാർത്ഥസത്യം ആരും മറക്കുവാൻ ഇടയാകരുത്. അതനുസരിച്ചാൽ ഇവിടെ മലങ്കരസഭ ഒന്നുമാത്രമേയുള്ളു. **ഇരുവിഭാഗവും വേർപാടിന്റെ നടുച്ചുവർ തകർന്ന് ക്രിസ്തുവിൽ ഒന്നിക്കണം. അതല്ലാതെ, നിലനിൽക്കുന്ന, ഒരു പരിഹാരവും ഉണ്ടാകുവാൻ പോകുന്നില്ല. അതിന്റെ വഴി സമവായമല്ല, മറിച്ച് സത്യം ഇരുകൂട്ടരും തിരിച്ചറിഞ്ഞ് പരസ്പരം ഒന്നാകുകയാണ്.** ഇന്നല്ലെങ്കിൽ നാളെ അത് സംഭവിക്കുക തന്നെ ചെയ്യും.

സമവായ സിദ്ധാന്തങ്ങൾക്കു ചെവികൊടുത്ത് സമയം വൃഥാ നഷ്ടപ്പെടുത്താതെ ഇരുവിഭാഗങ്ങളിലും പെട്ട നേതൃസ്ഥാനീയർ സത്യം തിരിച്ചറിഞ്ഞ് പരസ്പരം സ്നേഹത്തിന്റെ ഭാഷയിൽ ഇടകലർന്നാൽ മലങ്കരയിൽ ശാശ്വത സമാധാനം നിലവിൽ വരും. മദ്ധ്യസ്ഥസ്ഥാനങ്ങൾ കാംക്ഷിക്കുന്ന ഇതരസഭാനേതാക്കൾ ആദ്യം ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുവാനാണ് പരിശീലിക്കേണ്ടത്. ഒരു പക്ഷേ അത് പല മദ്ധ്യസ്ഥസ്ഥാനമോഹികളും ആഗ്രഹിക്കുന്നുണ്ടാവില്ല.

●

യുവപംക്തി

ഷാനസ് ടി.എസ്.
ഒന്നാം വർഷ മലയാള ബിരുദ വിദ്യാർത്ഥി



# മാറിവീശുന്ന കാറ്റ്... കല്പാത്തിയിലേക്ക്

പാലക്കാട്ടിലെ പാതിമഞ്ഞുമൂടിയ മലകൾക്കുതാഴെ പച്ചവിരിപ്പിട്ട കല്പാത്തിയിലെ അഗ്രഹാരം കേരളീയർക്ക് ഏറെ പരിചയമുണ്ടാവില്ല. അഥവാ പരിചയമുണ്ടെങ്കിലും ഈ അഗ്രഹാരങ്ങളുടെ ഉൾഭംഗി ആരും ശ്രദ്ധിച്ചിട്ടുണ്ടാവില്ല. അത്രമാത്രം വിശാലമായ ഒരു അഗ്രഹാരമാണ് കല്പാത്തിയിലേത്, പുലർക്കാലെതന്നെ അഗ്രഹാരത്തിലെ റോഡിനിരുവശവുമുള്ള വീടുകളിലെ സ്ത്രീകൾ തങ്ങളുടെ സിമന്റിട്ട ചെറിയ മുറ്റം അടിച്ച് വൃത്തിയാക്കി കോലമിടുന്നു. കോലം വരയ്ക്കാൻ അരിപ്പൊടിയാണ് ഉപയോഗിക്കുന്നത്. ഇത്തരമൊരു മനോഹരകാഴ്ച്ച നേരിട്ട് ദർശിക്കാൻ കല്പാത്തിയിലേ സാധിക്കുകയുള്ളൂ. നേരെ മറിച്ച് മറ്റു സ്ഥലങ്ങളിലുള്ളവർ കോലമിടുന്നത് ഇന്ന് കുമ്മായമോ മറ്റോ ഉപയോഗിച്ചായിരിക്കും.

സൂര്യനുദിക്കുംമുമ്പുള്ള സ്ത്രീകളുടെ കോലമിടലിനും വൃത്തിയാക്കലിനും ശേഷം, മഞ്ഞിനോടും മടിയോടും സമരം ചെയ്ത് അഗ്നിയോടു ചേർന്ന് കുടുംബത്തിലെ പുരുഷകേസരികളും കുട്ടികളും പൂജ നടത്തുന്നു. ആറുമണിയാകുമ്പോഴേക്കും മണ്ഡലകാലത്ത് അല്പം നേരത്തെ ഗ്രാമവീഥികളിലൂടെ ഭജനസംഘം നടന്നുതുടങ്ങുന്നു. ഭജനയിൽ മുതിർന്നവരും കുട്ടികളും ഒരുപോലെ സ്ഥാനം പിടിച്ചിരിക്കുന്നു. പാണ്ഡിത്യത്തിനല്ല ഇവിടെ പ്രാധാന്യം. കൂട്ടായ്മ ആണ് ഈ ഭജന ശ്രവണ സുന്ദരമാക്കുന്നത്.

കല്പാത്തി അഗ്രഹാരങ്ങളുടെ ആദ്യ മുഖ്യസവിശേഷതയായിരുന്നു മിക്ക ഭവനങ്ങളിലും ഉണ്ടായിരുന്ന പശുക്കളും പശുത്തൊഴുത്തുകളും. ഇന്ന് ഈ അഗ്രഹാരങ്ങളിൽ ഇതെല്ലാം പേരിനു മാത്രമായിരിക്കുന്നു എന്നത് അഗ്രഹാരങ്ങളുടെ ഒരു പോരായ്മയാണ്. എന്നാൽ കല്പാത്തിയിലെ ആരാധനാലയങ്ങൾ ഈ പോരായ്മകൾ തിരുത്തുന്നു. വിശ്വനാഥക്ഷേത്രം, ഗണപതീക്ഷേത്രം, കൃഷ്ണന്റെയും ഹനുമാന്റെയും ക്ഷേത്രം ഇവയെല്ലാം കല്പാത്തി അഗ്രഹാരങ്ങളുടെ ഒരു ഭാഗമാണ്. രാജസ്ഥാൻ മാർബിളിൽ രജപുത്രസ്റ്റൈലിൽ ഗണപതിരൂപങ്ങൾ ഇന്നും

സ്ഥാനം പിടിച്ചിരിക്കുന്നത് ഗണപതി ക്ഷേത്രത്തെ ഏറെ ഭംഗിയുള്ളതാക്കി ത്തീർക്കുന്നു. ഈ ആരാധനാലയങ്ങളിൽ എല്ലാം തമിഴ്നാട്ടിലെ അഗ്രഹാരങ്ങ ളിൽനിന്നും എത്തിയ ശാന്തിമാരുടെ പൂജ കൾ അന്തരീക്ഷത്തിനു പ്രത്യേക ഭംഗി നൽകുന്നു.

അഗ്രഹാരത്തിന്റെ മറ്റൊരു പ്രത്യേകത ഭൗതികതയും ആധ്യാത്മികതയും ഇവിടെ ഇഴചേർന്നു പോകുന്നു എന്നതാണ്. പാര മ്പര്യമായി കിട്ടിയ ഓരോന്നും അഗ്രഹാര ങ്ങളിലോരോ കുടുംബവും പൂജ നടത്തി നിലനിർത്തുന്നു. കുട്ടികളും ഗൃഹനാഥനും സ്കൂളുകളിലേക്കും ജോലിസ്ഥലത്തേക്കും പോയാൽ അഗ്രഹാരത്തിലെ സ്ത്രീകൾ സ്വതന്ത്രരായി. ഈ സമയം ടെലിവിഷനു മുന്നിൽ കാഴ്ചക്കാരാവുകയല്ല അഗ്രഹാര ത്തിലെ സ്ത്രീകൾ ചെയ്യുന്നത്. പകരം അഗ്രഹാരത്തിലെ സ്ത്രീജനം മുഴുവൻ കൂട്ടായ്മയോടെ ഭക്തികീർത്തനങ്ങൾ ചൊല്ലി പഠിക്കുകയും സംഘഗാനങ്ങൾ പാടുകയും ചെയ്യുന്നു. വൈകുന്നേരം 4.30-ഓടെയാണ് സാധാരണയായി ഇതിനു വിരാമം ഇടുന്നത്.

ചാത്തപുരം, ഗോവിന്ദപുരം, പഴയ അഗ്ര ഹാരം, പുതിയ അഗ്രഹാരം എന്നിങ്ങനെ 4 തെരുവുകളാണ് കല്പാത്തിയിലുള്ളത്. "കാവേരിയുടെ തീരംപോലെയാണ് കല്പാ ത്തിയുടെ സംഗീതതീരം". ഗുരുകുലത്തിന് ഈ അഗ്രഹാരം ഏറെ പേരുകേട്ടിരിക്കുന്നു. അഗ്രഹാരത്തിലെ ഓരോ കുടുംബത്തിലെ സ്ത്രീകളും കുട്ടികളും സംഗീതത്തെ ഉപാ സിക്കുന്നവരാണ്. കല്പാത്തിയിലെ ഒരു പ്രധാന ആരാധനാലയമാണ് വിശ്വനാഥ സ്വാമിക്ഷേത്രം. ക്ഷേത്രം കുഴിയിലാണ് സ്ഥിതി ചെയ്യുന്നത് എന്നത് ഏറെ അത്ഭു തമുളവാക്കുന്ന കാഴ്ചയാണ്. കാശിയിൽ പോയി വന്ന കല്പാത്തി അഗ്രഹാരത്തിലെ മുത്തശ്ശിയാണ് ഇവിടത്തെ വിഗ്രഹം കൊണ്ടുവന്നത് എന്നും ഇവിടെ ക്ഷേത്രം പണിയാൻ ഭൂമി പതിച്ചു നൽകിയത് ഇവിടം ഭരിച്ചിരുന്ന നാട്ടുരാജാവാണെന്നുമുള്ള ഐതിഹ്യകഥ അഗ്രഹാരത്തിലുള്ളവർ വിശ്വസിക്കുന്നു; ആരാധിക്കുന്നു. രഥോൽസവത്തിന്റെ കേന്ദ്രബിന്ദു ആയതി നാൽ ക്ഷേത്രം എപ്പോഴും തിക്കിലും തിര ക്കിലുമാണ്. സാധാരണദിവസം എങ്ങനെ യാണോ എന്തോ? രഥോൽസവത്തിന് അഗ്രഹാരം ഏറെ ഊർജ്ജസ്വലമാവുന്നു. ക്ഷേത്രങ്ങൾക്കു മുമ്പിലെ തേരൊരുക്കം ഇതിന്റെ മുന്നോടിയായി കാണാം.

കല്പാത്തി അഗ്രഹാരങ്ങൾക്കു പിന്നിൽ കല്പാത്തി നദിയുടെ സൗന്ദര്യമുണ്ട്. നദി ക്കരയിൽനിന്നും നോക്കിയാൽ അങ്ങ് ദൂരെ മേഘങ്ങളെ കാണാം. മലമ്പുഴ ഡാമിന്റെ ഒഴുക്കിലേക്കെത്തുന്ന കല്പാത്തി നദിയെ അനുസരണയുള്ള കുട്ടിയായാണ് നമുക്ക് ദർശിക്കാവുന്നത്. ആനയും അരയാലും നഗരത്തിൽനിന്നും കല്പാത്തിയെ പ്രിയങ്ക രമാക്കുന്നു.

അഗ്രഹാരത്തിലെ പുൽക്കൊടിക്കു പോലും സംഗീതമുണ്ട്. വേദസംസ്കാര ത്തിൽ കല്പാത്തിയെ കടന്നുനിൽക്കുന്ന ഒരു പ്രദേശം കേരളത്തിലുണ്ടാവില്ല. എത്രയോ ശതകങ്ങൾക്കു മുമ്പ് തഞ്ചാവൂ രിൽ നിന്നും കുടിയേറിപ്പാർത്ത ഇവർ ഇന്ന് വലിയൊരു അഗ്രഹാരമായി മാറി!

**A Christmas Commentary**

**Rev.Dr. M.J. Joseph, Devalokam**

# Simeon, the Seer (Lk.2:29-32)

Simeon, the Seer's bold leap into the life of Jesus and Mary are indeed an invitation to find an entry into the New humanity of Christ. "The prophetic words- "a light for revelation to the Gentiles and for revealing God's glory to the chosen people of God"(Lk.2:32) are meant for healing and transformation of the whole world. The spirit-inspired words of Simeon echo those found in the Second Isaiah and they speak of the dual mission of Jesus to the Jews and to the non-Jews alike. For Simeon, the Senior citizen, the Christ- child is set for the fall and rising of many in Israel and for revealing the hidden thoughts of many. In the prophetic books and the New Testament "light" always describes the coming of the Lord. "The people who walked in darkness have seen a great light; those who dwelt in the land of deep darkness on them has light shined"(Is.9:2)The Seer's words to Mary, the mother of Jesus,-" a sword will pierce through your soul"-foreshadow the suffering of Jesus in his redemptive work. In the person of the Christ- child, people encounter 'God in the best possible way. All that is arrogant must be broken down; all that is low must be raised. God is the one who exposes the secret thoughts of all.

The Seer's prediction became true in the ministry of Jesus. The judgment and mercy of God convey the idea of the fall and rising of all. A bold vision for a radical Christian stance in mission is the great challenge that we discern from the *Nunc Dimittis.*

The presence of Anna with Simeon (Lk.2:36-38) in the temple adds a new dimension to the bold vision of Simeon. The placing of a man- centered incident side by side with a woman-centered incident is significant as Luke, the Evangelist, wants to highlight the emerging one humanity in Christ.

Transformation of the created order is possible, if people are prepared to undergo *metanoia (repentance)* and transformation. Christ as the New Adam takes the divine and the human lead for a pastoral and prophetic ministry. In the birth of Jesus, "joy to the word" has become a divine possibility (shining of divine light) in our midst. In a world where people adore a materialistic culture, ethnic clashes, communal riots, racial discrimination, hatred and bitterness our task is tremendous. The vision of Simeon to follow the radiance of light in our midst through repentance

*(metanoia)* and sacrifice are the two ingredients for societal transformation. *Peace on Earth* is the benediction given by the heavenly host at the birth of Jesus. For Simeon, it is the dwelling of light from above in our midst. The angel's announcement of the divine blessings of peace is the fulfillment of a great vision in Is.52:7.The technological world of today cannot carry the good tidings of peace ,if it does not seek, ''the things that are pertained to eace". In his encyclical entitled "Peace on Earth" Pope John XXIII gives us a commentary on the all embracing plan of God as envisioned by Simeon.

"May He banish from the hearts of man whatever might endanger peace, may He transform them into witnesses of truth, justice and brotherly love... May He kindle the wills of all, so that they may overcome the barriers that divide, cherish the bonds of mutual charity, understand others, pardon those who have done wrong; by virtue of His action, may all peoples of the earth become as brothers..."

The call of Simeon is to "the spiral of violence is broken and bud of peace begins to bloom".

Let us try to become like Simeon, "righteous, devout, expectant and endowed with the Holy Spirit" (Lk.2:25) for receiving new revelations.

## Jokes

An obviously distressed gentleman staggered into the psychiatrist's office and begged, "Doctor, you have to help me. Every night I dream I am marooned on a desert with a dozen blondes and a dozen brunets – each one more beautiful than the rest".
"You sound like one of the luckiest men alive". Why do you need my help?" asked the psychiatrist.
"My problem" sobbed the patient, "is that in my dream I am also a girl".

* * *

A harassed father –to-be was waiting at the corridor of the hospital where his wife was delivering their first born. The nurse finally appeared beaming. "What did you want? "A boy or a girl"?, "A boy". Said the father. "Well, this time you got a girl." the nurse told him. "That's OK, too' replied the father, "a girl was my second choice".

Perspective

Dr. Zac Philip

# What is the real essence of worship? – A Re-Visit

Sometime ago, I wrote an article about our wasted efforts and time in the name of worship. All religions spend a lot of time, money and energy in the name of worship. During the pilgrim seasons of Sabarimala, Hajj, X'mas in Bethlehem etc., millions around the world spend their precious time and fortune in the name of worship. There is an old saying "CHARM" becomes "HARM" if the "C" is absent. Glamour and attractiveness can be useless or even dangerous if it does not contain the "C" which stands for character, commitment, and credibility.

The above principle is equally true in the case of worship also. To most of us, worship means church services consisting of singing, praying and listening to a sermon. To add colour, we also observe ceremonies with candles, ringing of bells and crackers. It is high time that we realize that worship is much more than a musical performance or a theatrical show of garments and gold crosses. In the Old Testament days, worship included a sacrificial lamb. Today, we have Jesus, the spotless "Lamb of God" a "once and for all" sacrifice with us. Surrendering and following His teachings define the real faith and worship. Nothing shatters a person's faith like spiritual hypocrisy, when people you love and admire talk one way and walk another way.


St. Paul describes worship and asks us to present our bodies a living sacrifice, holy, acceptable unto God, which is your reasonable service (Romans 12:1). Pastor Rick Warren re-iterates the theme stating that the essence of worship is to surrender to God and follow his instructions through your actions in life. Prophet Isaiah warns against people using their mouths and lips to honour God and removing their hearts far from Him and the punishment that follows them (Isiah 29:13 and 14 verses).

Peter was fishing all night with no luck and Jesus told him to fish in the same waters with the same equipment. Peter surrendered to the words of Jesus and got plenty of fish. The heart of worship really is surrender to God and serving His commandments.

There is the story of an African ruler visiting England who received a solar clock as a gift. He returned to his native land and placed the clock in a venerable place. His subjects were amazed at this miracle clock and started placing it in a gracious and beautiful place where sunlight was missing. The amazing solar clock stopped working for the lack of sunlight. Our worship should not be like that veneration. The heart of worship is engaging your mind and body in serving the Lord through your actions. Not everyone who says Lord, Lord shall enter the kingdom of heaven. But HE WHO DOES THE WILL OF MY FATHER WHO IS IN HEAVEN... (Mathew 7:21).

During our X'mas season, let us remember this thought together with our carols and church attendance and glorify our Lord with our actions of generosity and service to the less fortunate in our community. That is the essence of worship.

## Tintumon Jokes




Prof. : Chemical symbol of Barium Z
Tintumon: BA
Prof. : For Sodium?
Tintumon: NA
Prof. : What will we get if 1 atom of Barium & 2 atoms of Sodium combines?
Tintumon: BANANA"

The principal was annoyed by the noise during the assembly program. "There seem to be several idiots in the auditorium this morning, Wouldn't it be better to hear one at a time?"
Tintumon shouted, "Okay - you start."

Teacher : Imagine u r a millionaire. Write ur life history.
Tintumon: didn't write.
Teacher : why are you not writing?
Tintumon: I'm waiting 4 my secretary 2 take notes....

**PASSIVE VOICE**
Teacher : Write the passive voice of "I made a mistake".
Tintumon: "I was made by a mistake".

*(collected by M.P. Alexander)*

Last Page

M.G. Kuruvilla

# TEMPLES BUILDING A TEMPLE

Yes, I am witnessing TEMPLES building a TEMPLE. It is not far away. I am talking about the reconstruction of St. John's Orthodox Church (Vakathanam Valiapally) in Kottayam Diocese.

You may wonder what is so great about this renovation when it is more of a passion, though not a necessity, for almost all priests and church committees to engage in some construction activities, may it be the church itself or a shrine or an auditorium and if everything is OK, then to put at least an air conditioner in these buildings.

I am not blaming any activity or the progress aimed or achieved. Such activities may end well or it may be accompanied by some criticism from someone who is not necessarily involved in these activities. Normally such criticism comes from people who never do anything original on their own and who are reluctant either to contribute their effort or to part with a little money.

The Lord said "You are the Temple of God". So each one of us is expected to be the temple of God but more often we are not. Even with our occasional sinning and periodic confessions, we may not rise to this level since our Christianity is practically confined to Sundays.

Now coming back to the Vakathanam Church, the picture is different. As the construction is progressing with people opening their treasures to contribute beyond their might and the organizers striving day and night forgetting their own needs, we see a great awakening on the spiritual side as well. This coincides with the Sundays of Consecration and Sanctification in the Church Calendar.

A group of people, under the leadership of the parish priests, have taken it as their mission to sanctify the members of the parish with their voluntary service and already eight prayer meetings are functioning in different parts of the parish area. The number is expected to soar to ten representing the ten wards of the big parish. This is fantastic and I think this is a rare achievement.

As the construction of the church is being completed and it is consecrated by the grace of God in January 2012, in the 100th year of the beginning of the Catholicate in India, the whole parish will have a spiritual awareness and awakening surpassing the jubilation.

Whenever I get a chance to share my view about the church activities, I continuously exhort that one-third of our resources may be diverted to the administration part and next one third for coordinating spiritual activities leaving one-third exclusively for the development of the youth. As I am witnessing the successful developments on the spiritual side along with the reconstruction of the mother church, I felt it is apt to say that temples of God are building a temple for God.

I find the spirit of God working when all the workers understand each other and work with a common goal without any room for Babel. I find the beauty of leadership when people comply with the directions of the leaders who maintain transparency and conviction. It is great and I feel like singing Psalm:133/1 in praise of what I am witnessing. Let us say the same about all our activities, may it be at Vakathanam or anywhere else and for any common purpose.

License No. G/5/2-2009-2011
Licensed to post without pre-payment
No. KL/CR/ALY/WPP - 02/2009 - 11
'Registered" Reg No. KL/ALY/0029/2009-11

License No. 498
Vol. No : 63

with best
compliments
from

MRF TYRES
Tyres with Muscle
124, Greams Road, Chennai - 600 006

Owned by the ALWAYE FELLOWSHIP HOUSE, Aluva,
Edited, Printed and Published by Prof. K.K. Abraham.
Printed at Alwaye Press, Aluva. Ph : 2623318